# The Prabuddha Keralam.

# പ്രബുദ്ധകേരളം.

വിവേകനിർമ്മലാനന്ദ ജ്ഞാനവൈരാഗ്യസിദ്ധിദം
"പ്രബുദ്ധകേരളം" രാമകൃഷ്ണോരക്ഷതുസർവ്വദാ.

വാല്യം ൧൰ } ൧൧൱ ചിങ്ങം { ലക്കം ൧൧


## ശിവസ്തുതി

ഓം നമഃ ശിവായ.

ഗളിത തിമിരമാലഃ ശുഭ്രതേജഃപ്രകാശഃ
ധവള കമലശോഭഃ ജ്ഞാനപുഞ്ജാട്ടഹാസഃ
യമി ജനഹൃദിഗമ്യോ നിഷ്കളോ ധ്യായമാനഃ
പ്രണത മവതുമാം സഃ മാനസോ രാജഹംസഃ

ദുരിത ദളനദക്ഷം ദക്ഷജാ ദത്തദോഷം
കലിതകലികളങ്കം കമ്രകല്ഹാര കാന്തം
പരഹിതകരണായ പ്രാണപ്രച്ഛേദപ്രീതം
നതനയനനിയുക്തം നീലകണ്ഠം നമാമഃ

അൎത്ഥം:—അജ്ഞാനമാകുന്ന അന്ധകാരം നശിച്ചവനും, ശുഭ്രമായ ജ്യോതിസ്സുപോലെ വിളങ്ങുന്നവനും, വെൺതാമരയുടെ ശോഭയുള്ളവനും, ജ്ഞാനരാശിയാകുന്ന അട്ടഹാസത്തോടുകൂടിയവനും, സംയമശീലന്മാരുടെ ഹൃദയത്തിൽ വെളിപ്പെടുന്നവനും, നിഷ്കളനും, (ജനങ്ങളാൽ) ധ്യാനിക്കപ്പെടുന്നവനും, മാനസസരസ്സിൽ കുടികൊള്ളുന്ന ഹംസരൂപിയുമായ ആ ശിവൻ പ്രണാമംചെയ്യുവനായ എന്നെ രക്ഷിക്കട്ടെ.

ദുരിതങ്ങളെ നശിപ്പിക്കുന്നതിൽ നിപുണനും, ദക്ഷസുതയായ സതീദേവിക്കു വിവാഹാവസരത്തിൽ സ്വഹസ്തത്തെ ദാനംചെയ്യുവനും, കലികളങ്കത്തെ നശിപ്പിച്ചവനും, ചേതോഹരമായ കല്ഹാരപുഷ്പത്തിന്റെ കാന്തിയോടുകൂടിയവനും, പരഹിതംചെയ്യാനായി പ്രാണനെപ്പോലും ഉപേക്ഷിക്കുവാൻ പ്രിയപ്പെടുന്നവനും, ശരണംപ്രാപിച്ച നമസ്കരിച്ചവരുടെ രക്ഷയിൽ ദൃഷ്ടിവെച്ചിരിക്കുന്നവനും (അഥവാ നതന്മാരെ ശിവമാൎഗ്ഗത്തിൽകൂടെ നയിക്കുന്നതിൽ സ്വയം നിയോഗിച്ചിരിക്കുന്നവനും) ആയ നീലകണ്ഠനെ നമസ്കരിക്കുന്നു.

ശുഭം.

ഓം തത് സത്-

# ശ്രീരാമകൃഷ്ണദേവന്റെ തിരുവായ്മൊഴി.

൨-ാം ഭാഗം—൨൬-ാം ഖണ്ഡം.

## അദ്ധ്യായം ൨.

ഗിരിശൻ, ലാടു, മാസ്റ്റർ എന്നിവർ മുകളിലത്തെ നിലയിൽകയറിച്ചെന്നപ്പോൾ ഭഗവാൻ ശയ്യയിൽ ഇരിക്കുകയാണ്. ശശിയും വേറെ ഒന്നുരണ്ടു ഭക്തന്മാരും സേവാൎത്ഥം ഈ മുറിയിലുണ്ടായിരുന്നു. ക്രമേണ ബാബുരാമനും നിരഞ്ജനനും രാഖാലും വന്നുചേൎന്നു.

മുറി സാമാന്യം വലിയതാണ്. ഭഗവാന്റെ ശയ്യയ്ക്കു സമീപം മരുന്നുകളും അത്യാവശ്യപ്പെട്ട ചില സാമാനങ്ങളും വെച്ചിരിക്കുന്നു. മുറിയുടെ വടക്കുഭാഗത്തു് ഒരു വാതലുണ്ട്. ഏണിപ്പടികയറി ഈ വാതലിൽ കൂടി വേണം മുറിയിൽ കടക്കേണ്ടതു്. ആ വാതലിന്നെതിരായി മുറിയുടെ തെക്കുവശത്തു് വേറൊരു വാതലുണ്ടു്. ആ വാതലിൽകൂടി മാളികയിലെ തെക്കുഭാഗത്തെ ചെറുമുറിയിൽ വരാം. ആ ചെറുമുറിയിൽനിന്നു നോക്കിയാൽ ഉദ്യാനത്തിലെ വൃക്ഷങ്ങളും, ചന്ദ്രികയും, ദൂരെയല്ലാതെ രാജപാതയും കാണാം.

ഭക്തന്മാൎക്കു് രാത്രി ഉറക്കംഒഴിയേണ്ടിയിരിക്കുന്നു. അതുകൊണ്ടു് അവർ തവണവെച്ചു് ഉറക്കമൊഴിയുന്നു. കൊതുകുവല തൂക്കിയിട്ടു്, ഭഗവാനെക്കിടത്തി, മുറിയിലിരുന്നു നോക്കിക്കൊണ്ടിരിക്കുന്ന ഭക്തൻ മുറിയുടെ കിഴക്കേ അരുകിൽ പാ വിരിച്ചു്, കുറെ ഇരുന്നും കുറെ കിടന്നും കഴിയ്ക്കും. സുഖക്കേടുകൊണ്ടു് ഭഗവാനു പ്രായേണ നിദ്രയില്ല. അതുകൊണ്ടു് മുറിയിലിരിക്കുന്ന ഭക്തൻ ഏതാനും മണിക്കൂറുകളും ഇരുന്നുതന്നെ കഴിച്ചുകൂട്ടും.

ഇന്നു ഭഗവാൻെറ സുഖക്കേട്ട അല്പം വാശിയുണ്ട്. ഭക്തന്മാർവന്നു തറയിൽവീണു പ്രണമിച്ചിട്ട് ഭഗവാൻെറ മുൻപിലായി തറയിലിരുന്നു.

ഭഗവാൻ മാസ്റ്ററോട് വിളക്ക് അടുത്തുകൊണ്ടുവെക്കാൻ ആജ്ഞാപിച്ചു. ഭഗവാൻ സസ്നേഹം ഗിരിശനോടു സംഭാഷണംചെയ്യുന്നു.

ശ്രീരാമകൃഷ്ണദേവൻ:—(ഗിരിശനോട്) സുഖംതന്നെയോ? (ലാടുവിനോട്) ഇയാറംക്ക് മുറുക്കാൻകൊണ്ടുകൊടുക്കുക.

അല്പനേരംകഴിഞ്ഞ് വീണ്ടും ഭഗവാൻ പറഞ്ഞു:—ഫലഹാരം വല്ലതും കൊടുക്കുക.

ലാടു:—മുറുക്കാൻ കൊടുത്തു. ഫലഹാരം വാങ്ങിക്കുന്നതിനു കടയിലാളുപോയിട്ടുണ്ട്.

ഭഗവാൻ ഇരിക്കുന്നു. ഒരു ഭക്തൻ കുറെ പൂമാലകൾ കൊണ്ടുക്കൊടുത്തു. ഭഗവാൻ ഓരോന്നായി അവയെ തൻെറ കഴുത്തിലണിഞ്ഞു. ഭഗവാൻെറ ഹൃദയമദ്ധ്യത്തിൽ "ഹരി" സ്ഥിതിചെയ്യുന്നതിനാൽ ഭഗവാൻ അദ്ദേഹത്തെ പൂജിച്ചതാണെന്നു തോന്നുന്നു. ഭക്തന്മാർ നിശ്ശബ്ദമായി നോക്കിയിരിക്കുന്നു. രണ്ടുമാല കഴുത്തിൽനിന്നുമെടുത്ത് ഗിരിശനു കൊടുത്തു.

ഭഗവാൻ കൂടെക്കൂടെ ചോദിക്കുന്നു:—കടയിൽ പോയയാറം ഫലഹാരം കൊണ്ടുവന്നോ?

മണി ഭഗവാനെ വീശുകയാണ്. ഭഗവാൻെറ സമീപം ഒരു ഭക്തൻ കൊടുത്ത രാമച്ചവിശറിയിരിപ്പുണ്ട്. ഭഗവാൻ മണിയുടെ കൈയിൽ അതു കൊടുത്തു വീശാൻ പറഞ്ഞു. മണി ആ വിശറികൊണ്ടു വീശുന്നു. ഭഗവാൻ രണ്ടു മാല കഴുത്തിൽനിന്നൂരി മണിക്കും കൊടുത്തു.

ലാടു ഭഗവാനോട് ഒരു ഭക്തൻെറ കാര്യം പറയുന്നു. ആ ഭക്തൻെറ ഏഴെട്ടുവയസ്സു പ്രായമുള്ള ഒരേ മകൻ ഒന്നരവഷം മുമ്പ് മരിച്ചുപോയി. ആ കുട്ടി ഭഗവാനെ ചിലപ്പോറം ഭക്തന്മാരുടെക്കൂടെയിരിക്കുമ്പോഴും, കീത്തനാനന്ദസമയത്തും പല പ്രാവശ്യവും കണ്ടിട്ടുണ്ട്.

ലാടു:—(ശ്രീരാമകൃഷ്ണദേവനോട്) ഇദ്ദേഹം കുട്ടിയുടെ പുസ്തകംകണ്ട് ഇന്നലെ രാത്രി വളരെ കരഞ്ഞു. പത്നിയും പുത്രശോകത്താൽ ഭ്രാന്തുപിടിച്ചതുപോലെയായിരിക്കുന്നു. ആ സ്ത്രീ സ്വന്തം കുട്ടികളെ തല്ലുന്നു. ഇദ്ദേഹം ഇവിടെ ക്രൂടെക്കൂടെ വരുന്നതുകൊണ്ട് അവിടെ വലിയ കുഴപ്പമായിരിക്കുന്നു.

ഭഗവാൻ ശ്രീരാമകൃഷ്ണദേവൻ ഈ ശോകവാത്തകേട്ട് ചിന്താവിഷ്ടനായി മിണ്ടാതിരുന്നു.

ഗിരിശൻ:—അജ്ജുനൻ ഗീതോപദേശവും മററും ശ്രവിച്ചയാളാണ്. എന്നിട്ടുപോലും അഭിമന്യുവിനെക്കുറിച്ചുള്ള ശോകത്താൽ തൽക്ഷണം മൂർഛിതനായി! അതുകൊണ്ട് ഇദ്ദേഹത്തിൻെറ പുത്രശോകത്തിൽ ആശ്ചയ്യപ്പെടാനില്ല.

ഗിരിശനുവേണ്ടി പലഹാരവും മററും കൊണ്ടുവന്നിരിക്കുന്നു. ഫാഗുവിന്റെ കടയിൽനിന്നും ജിലേബി മുതലായ മധുരപ്പലഹാരങ്ങൾ വാങ്ങിവന്നിട്ടുണ്ട്. ഫാഗുവിന്റെ കട വരാഹനഗരത്തിലാണ്. ഭഗവാൻ ആ പലഹാരങ്ങളെല്ലാം തന്റെ മുൻപിൽവെച്ചു അല്പാല്പം രുചിനോക്കിയിട്ട് പ്രസാദദ്രവ്യമാക്കി. അനന്തരം സ്വന്തം കൈകൊണ്ടു ഗിരിശനു കൊടുത്തു. ഒന്നാംതരം ജിലേബിയാണെന്നു പറഞ്ഞു. ഗിരിശൻ മുൻപിലിരുന്നു ഭക്ഷിക്കുന്നു. ഗിരിശനു കുടിക്കാൻ ജലം വേണം. ഭഗവാന്റെ കിടക്കയുടെ തെക്കുകിഴക്കു മൂലയിൽ കൂസായിൽ വെള്ളമുണ്ടു. വേനൽക്കാലം. മേടമാസമാണ്. ഭഗവാൻ ഇതാ ഇവിടെ നല്ല വെള്ളമുണ്ടെന്നു പറഞ്ഞു.

ഭഗവാൻ തിരെ അസ്വാസ്ഥനായിരിക്കുന്നു. എണീക്കാൻ ശക്തിയില്ല.

ഭക്തന്മാർ നിശ്ശബ്ദമായി എന്തോ നോക്കിയിരിക്കുന്നു. ഭഗവാനെ നോക്കുകയാണ്—ഭഗവാന്റെ അരയിൽ വസ്ത്രമില്ല. ദിഗംബരൻ! ബാലകനെന്നപോലെ ശയ്യയിൽനിന്നും പതുക്കെ നീങ്ങിച്ചെന്നു. സ്വന്തം കൈ കൊണ്ടു ജലം ഒഴിച്ചുകൊടുക്കണമെന്നാണ്. ഭഗവാൻ ഒരു ഗ്ലാസെടുത്തു ജലം ഒഴിച്ചു. ഗ്ലാസിൽനിന്നും വെള്ളം കുറെ കൈയിലൊഴിച്ചു തണുത്തുപോയോ ഇല്ലയോ എന്നു നോക്കി. അതു തണുത്തിട്ടില്ലെന്നു കണ്ടു. ഒട്ടുക്കം വേറെ വെള്ളത്തിനു നിവൃത്തിയില്ലാത്തതുകൊണ്ട്, മനസ്സില്ലാമനസ്സോടെ, അതുതന്നെ കൊടുത്തു.

ഗിരിശൻ ജലം കുടിക്കുന്നു. ഭക്തന്മാർ നാലുവശവുമിരിക്കുന്നു. മണി ഭഗവാനെ വീശുന്നു.

ഗിരിശൻ:—(ശ്രീരാമകൃഷ്ണദേവനോട്) ദേവേന്ദ്രബാബു സംസാരം ത്യജിക്കും.

ഭഗവാനു് സദാ വർത്തമാനം പറയാൻ സാധിക്കുന്നില്ല. വലിയ വേദന. അതുകൊണ്ട് തന്റെ വിരലുകൾകൊണ്ടു ചുണ്ടിനടുക്കൽ വെച്ചിട്ട്, ഭാര്യയുടെയും കുഞ്ഞുങ്ങളുടെയും ആഹാരം എങ്ങനെ കഴിയുമെന്ന അർത്ഥത്തിൽ ആംഗ്യം കാണിച്ചു.

ഗിരിശൻ:—അവരെങ്ങനെ കഴിയുമെന്നു എനിക്കറിഞ്ഞുകൂടാ.

എല്ലാവരും മിണ്ടാതിരിക്കുന്നു. ഗിരിശൻ പലഹാരം കഴിച്ചുകൊണ്ടുതന്നെ സംസാരിച്ചു.

ഗിരിശൻ:—ഭഗവൻ! ഏതാണ് നല്ലതു്? വളരെ ബുദ്ധിമുട്ടി സംസാരം വിടുന്നതോ, സംസാരത്തിലിരുന്നുകൊണ്ടു് ഈശ്വരനെ വിളിക്കയോ?

ശ്രീരാമകൃഷ്ണദേവൻ:—ഗീതയിൽ കാണുന്നില്ലേ? അനാസക്തനായി സംസാരത്തിലിരുന്നു കർമ്മംചെയ്തു്, സർവ്വം മിഥ്യയെന്നറിഞ്ഞു്, ജ്ഞാനാനന്തരം സംസാരത്തിലിരുന്നാൽ ശരിയായ ഈശ്വരലാഭം ഉണ്ടാകും.

"കഷ്ടപ്പെട്ടു സംസാരം വെടിയുന്നവർ താണതരക്കാരത്രേ".

"സംസാരത്തിലിരിക്കുന്ന ജ്ഞാനി ഏതുപോലെന്നറിയാമോ? കണ്ണാടിയിട്ട ഗൃഹത്തിലുള്ളവനെപ്പോലെയാണ്. അയാൾ ഉള്ളും പുറവും രണ്ടും കാണുന്നു".

പിന്നെയും എല്ലാവരും മിണ്ടാതിരിക്കുന്നു.

ശ്രീരാമകൃഷ്ണദേവൻ:—(മാസ്റ്ററോട്) ജിലേബിക്കു ചൂടുമുണ്ട്, നല്ല തരവുമാണ്.

മാസ്റ്റർ:—(ഗിരിശനോട്) ഫാഗുവിന്റെ പലഹാരക്കടയിലേതു് സുപ്രസിദ്ധമാണല്ലോ.

ശ്രീരാമകൃഷ്ണദേവൻ:—ഉവ്വ്! പ്രസിദ്ധം.

ഗിരിശൻ:—(ഭക്ഷിച്ചുകൊണ്ട് സഹാസ്യം) രസികൻ!

ശ്രീരാമകൃഷ്ണദേവൻ:—മറ്റേ പലഹാരം ഇരിക്കട്ടെ. ഇതു് ഭക്ഷിക്കുക (മാസ്റ്ററോട്) ഇതു രജോഗുണപ്രധാനമായ ആഹാരമാണ്. ഭക്ഷിച്ചുകൊള്ളട്ടെ.

ഗിരിശൻ ഭക്ഷിച്ചുകൊണ്ടുതന്നെ സംസാരിക്കുന്നു.

ഗിരിശൻ:—(ശ്രീരാമകൃഷ്ണദേവനോട്) ഭഗവൻ! എത്രയോ ഉച്ചത്തിലിരിക്കുന്ന മനസ്സും താണപടിയിൽ വരുന്നതെന്താണ്?

ശ്രീരാമകൃഷ്ണദേവൻ:—സംസാരത്തിലിരുന്നാൽ അങ്ങനെതന്നെ. ചിലപ്പോൾ ഉച്ചമായിരിക്കും, ചിലപ്പോൾ താഴും. ചിലപ്പോൾ വലിയ ഭക്തിയായിരിക്കും. ചിലപ്പോൾ കുറയും. കാമിനീകാഞ്ചനങ്ങളിലിരിക്കയല്ലയോ? അതുകൊണ്ടാണ്. സംസാരത്തിൽ ഭക്തൻ ചിലപ്പോൾ ഈശ്വരചിന്തയും ഹരിനാമഭജനവും ചെയ്യുന്നു, ചിലപ്പോൾ കാമിനീകാഞ്ചനത്തിൽ മനസ്സു ചെലുത്തിപ്പോകുന്നു. ഈച്ചയില്ലേ?—ചില സമയം മധുരപ്പലഹാരത്തിലും ഇരിക്കും, ചിലപ്പോൾ ചീഞ്ഞ വ്രണത്തിലും ഇരിക്കും, അമേദ്ധ്യത്തിലും വസിക്കും.

ത്യാഗിയുടെ കഥ വേറെയാണ്. അവർ കാമിനീകാഞ്ചനങ്ങളിൽനിന്നും മനസ്സിനെ പിൻവലിച്ച് കേവലം ഈശ്വരനിലേയ്ക്കു തിരിച്ചുവിടുന്നു. കേവലം ഹരികഥാമൃതരസം പാനംചെയ്യുന്നു. ശരിയായ ഒരു ത്യാഗിക്കു ഈശ്വരനിൽനിന്നന്യമായ ഒന്നും രുചിക്കുന്നില്ല. വിഷയകഥ കേട്ടാൽ എഴുന്നേറ്റുപോകും. ഈശ്വരകഥയായാൽ കേൾക്കും. ശരിയായ ത്യാഗിക്കു ഈശ്വരകഥയൊഴിച്ചു മറ്റൊരു വാക്യവും മുഖത്തിൽനിന്നും വരികയില്ല.

തേനീച്ച പുഷ്പത്തിലേ വസിക്കയുള്ളു, തേൻ കുടിപ്പാൻ. മറ്റൊരു വസ്തുവും തേനീച്ചയ്ക്കിഷ്ടമില്ല.

ഗിരിശൻ തെക്കേ വെരമുറിയിൽ കൈകഴുകാൻ പോയി.

ശ്രീരാമകൃഷ്ണദേവൻ:—(മാസ്റ്ററോട്) "ഈശ്വരാനുഗ്രഹം ആവശ്യം, എന്നാലെ അദ്ദേഹത്തിൽ മനസ്സു പൂർണ്ണമായി ചെല്ലുകയുള്ളു." പലഹാരം കുറെയധികം തിന്നു, അയാൾ. പറയൂ അയാളോട്, ഇനി ഇന്നൊന്നും കഴിക്കേണ്ടെന്ന്.

# ഭക്തിരഹസ്യം.

ഭക്തിയുടെ ആദ്യത്തെ പടികൾ.

## അദ്ധ്യായം ൨.

(തുടൎച്ച)

അന്തമുള്ള ജീവികളെ ഒരിക്കലും സ്നേഹിക്കുവാൻ കഴിയുകയില്ല; സ്നേഹത്തിനു യോഗ്യവുമല്ല. ഒരു മനുഷ്യൻെറ സ്നേഹത്തിനു വിഷയമായ വസ്തു പ്രതിക്ഷണം നശിച്ചുകൊണ്ടിരിക്കുകയും അയാളുടെ വളൎച്ചയോടൊപ്പം മനസ്സും വ്യത്യസ്തപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന സ്ഥിതിക്കു ഈ ലോകത്തിൽ ശാശ്വതപ്രേമം ലഭിക്കുമെന്ന് പ്രതീക്ഷിക്കാവുന്നതാണൊ? ഈശ്വരനിലല്ലാതെ മറെറാരിടത്തും യഥാൎത്ഥ പ്രേമം ഉണ്ടാകയില്ല. പിന്നെ ലോകത്തിൽ കാണുന്ന സ്നേഹങ്ങളുടെയെല്ലാം കഥയെന്തായി, എന്നാണെങ്കിൽ, അവയെല്ലാം ഓരോ പടികൾ മാത്രമാണ്. പിന്നിൽനിന്നും ഒരു മഹാശക്തി നമ്മെ മുമ്പോട്ടു പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. യഥാൎത്ഥമായി സ്നേഹിക്കേണ്ട വസ്തുവിനെ എവിടെയാണ് തേടേണ്ടതെന്നു നമുക്ക് രൂപമില്ല. എങ്കിലും പ്രേമശക്തി ആ വസ്തുവിനെ തേടിപ്പിടിക്കുന്നതിനായി നമ്മെ മുന്നോട്ടു തള്ളി വിട്ടുകൊണ്ടിരിക്കുന്നു. ഏതെങ്കിലും ഒരു വസ്തുവിനെ നാം അവലംബിക്കുന്നു; പിടികൊടുക്കാതെ അതു ഇഴുകിപ്പോകുന്നുവെന്നു കാണുമ്പോൾ വേറൊന്നിനെ അവലംബിക്കയായി: ഇപ്രകാരം മുന്നോട്ടു കടന്നു കടന്ന് ഒടുവിൽ പ്രകാശം ലഭിക്കുന്നു. അതായതു്, യഥാൎത്ഥത്തിൽ സ്നേഹിക്കുന്ന ഏകനായ ഈശ്വരനെ പ്രാപിക്കുന്നു. ഈശ്വരൻെറ കനിവ് ഒരു പരിവൎത്തനവുമില്ലാത്തതാണ്; നമുക്ക് ശരണം നൾകാൻ അവിടുന്നു ബദ്ധദീക്ഷനുമാണ്; ഞാൻ നിങ്ങളെ ഉപദ്രവിച്ചാൽ എത്ര കാലം നിങ്ങൾ പൊറുക്കും? ക്രോധം, ഈൎഷ്യ, നിന്ദ ഇത്യാദി ദൂഷ്യങ്ങൾകൊണ്ടു് അദൃഷ്ടമായ മനസ്സോടുകൂടിയവനും, സമചിത്തനും, അജനും, അവിനാശിയുമായിട്ടുള്ളതു് ഈശ്വരനല്ലാതെ മററാർ ആണ്? എന്നാൽ ഈശ്വരനെ പ്രാപിക്കാനുള്ള മാൎഗ്ഗം ദീൎഘവും ദുൎഘടവുമാണ്. വളരെ ചുരുക്കം

ചില ഭാഗ്യവാന്മാർ മാത്രമേ ഈശ്വരനെ പ്രാപിക്കുന്നുള്ളൂ. നമ്മളെല്ലാം അതിലേയ്ക്കു ഉററു ശ്രമിച്ചുകൊണ്ടിരിക്കുന്ന ബാലന്മാരാണ്. അനവധി ആളുകൾ മതം ഒരു തൊഴിലാക്കിയിട്ടുണ്ട്. ഒരു നൂററാണ്ടിൽ വളരെ ചുരുക്കം ചിലക്ക് മുൻ പറഞ്ഞവിധമുള്ള ഭഗവൽപ്രേമം ലഭിക്കുന്നു. അവരുടെ ചരണസ്പർശംകൊണ്ടു് ദേശം മുഴുവൻ പവിത്രവും അനുഗൃഹീതവുമായി ഭവിക്കും. ഒരു അവതാരപുരുഷൻെറ ആവിർഭാവം ദേശമൊട്ടുക്കു് ഒരു പരമാനുഗ്രഹമാണ്. ഇപ്രകാരമുള്ള മഹാപുരുഷന്മാർ ഏതെങ്കിലും ഒരു ശതാബ്ദത്തിൽ വളരെ കുറച്ചുപേർ മാത്രമെയുണ്ടാകയുള്ളുവെന്നതു് വാസ്തവംതന്നെ; എങ്കിലും നാമെല്ലാവരും താദൃശമായ ഭഗവൽപ്രേമം ഉണ്ടാക്കുന്നതിനു് ശ്രമിക്കേണ്ടതാണ്. ആ പദം നമുക്കു് ആകെക്കിലും ഒരാൾക്കുതന്നെ ലബ്ധമാകയില്ലെന്നു ആരറിഞ്ഞു. നമുക്കു് അതിൻവേണ്ടി അദ്ധ്വാനിക്കാമല്ലോ. ഭർത്താവു ഭാര്യയുടെ പ്രേമഭാജനമാണെന്നു പറഞ്ഞുവരുന്നു. തൻെറ അന്തരാത്മാവു് ഭർത്താവിൽ ലയിച്ചിരിക്കുന്നു എന്നാണ് അവൾ വിചാരിക്കുന്നതു്. ഒരു സന്താനമുണ്ടാകുന്നതോടുകൂടി പകുതിയോ അധികമോ പ്രേമം ആ ശിശുവിൽ പകർന്നുപോകുന്നു. ഭർത്തൃസ്നേഹം മുൻപു് ഉണ്ടായിരുന്നിടത്തോളം ഇപ്പോൾ ഇല്ലെന്നു അവൾക്കുതന്നെയറിയാം. അച്ഛൻെറ സ്നേഹവും ഇപ്രകാരംതന്നെ. നമ്മളുടെ പ്രേമത്തിന്നു കുറേക്കൂടി ഉത്തമമായ ഒരു പാത്രത്തെ ലഭിക്കുന്നതോടുകൂടി മുൻപുണ്ടായിരുന്ന പ്രേമം സാവകാശത്തിൽ മാഞ്ഞുപോകുന്നു എന്നുള്ള തത്വം നമുക്കു് സദാ പ്രത്യക്ഷമാണ്. സ്കൂളിൽ പഠിക്കുന്ന ബാലികാബാലന്മാർ സതീർത്ഥ്യന്മാരിൽ ചിലരേയോ മാതാപിതാക്കന്മാരേയോ ആണ് തങ്ങളുടെ ജീവിതത്തിൽ ഏററവും പ്രിയപ്പെട്ടവരായി കരുതുന്നതു്. കുറേ കഴിഞ്ഞു് അവക്കു് വരനെയോ വധുവിനെയോ ലഭിക്കുന്നതോടുകൂടി മുൻപുണ്ടായിരുന്ന മനോഭാവങ്ങളെല്ലാം ഉടനടി മറയുന്നു. നവാനുരാഗം എല്ലാറ്റിനും മീതെ സ്ഥാനംപിടിക്കുന്നു. ആദ്യം ഒരു നക്ഷത്രം ഉദിക്കുന്നു; കുറച്ചുകൂടി വലിപ്പവും തെളിച്ചവുമുള്ളതു് അതിനെ തുടരുന്നു; അതിലും വലുപ്പമുള്ള മറെറാന്നു് അതിൻെറ പുറകെ ഉയരുന്നു; ഈ ക്രമത്തിൽ ഒടുവിൽ സൂര്യോദയമാകുമ്പോൾ അല്പജ്യോതിസ്സുകളെല്ലാം അദൃശ്യമാകുന്നു. സൂര്യനാണ് ഈശ്വരൻ. നക്ഷത്രങ്ങൾ പരിമിതവും അല്പവുമായ ഓരോതരം പ്രേമം. എപ്പോഴാണോ ഈ സൂര്യൻെറ പ്രകാശം ഒരു മനുഷ്യനിൽ നിപതിക്കുന്നതു് അപ്പോൾ അയാൾ ഉന്മത്തനായിത്തീരുന്നു—എമേർസൺ പറയുന്നതുപോലെ— "ഭഗവൽപ്രേമത്തിൽ മത്തനായമനുഷ്യൻ" ആയിത്തീരുന്നു. ആ മനുഷ്യൻ രൂപാന്തരംപ്രാപിച്ചു് ഈശ്വരനായിത്തീരുന്നു. സമസ്തവും ആ ആനന്ദസാഗരത്തിൽ നിമഗ്നമാകുന്നു. ലൌകികപ്രേമം മൃഗീയമായ ആകർഷണം മാത്രമാണ് അപ്രകാരമല്ലെങ്കിൽ സ്ത്രീ, പുരുഷൻ എന്നുള്ള ഭേദം എന്തിനായിട്ടാണ്? ഒരാൾ ഒരു ദേവവിഗ്രഹത്തിൻെറ

മുൻപിൽ മുട്ടുകുത്തി നമസ്കരിച്ചാൽ അതു ഹീനവും ഭയങ്കരവുമായ 'വിഗ്രഹാരാധന'യാണ്! കാമുകൻെറയോ കാമിനിയുടെയോ മുന്നിൽ ആണെങ്കിൽ അതിൽ ആർക്കും ഒരു വൈമുഖ്യവുമില്ല.

പ്രേമത്തിൻെറ വിവിധങ്ങളായ പടികളെയാണ് ലോകം നമുക്ക് കാണിച്ചുതരുന്നത്. ആദ്യമായി നമ്മൾ അതിനുള്ള അടിസ്ഥാനം തെളിക്കണം. നമ്മെസംബന്ധിച്ചിടത്തോളവും, നാം ജീവിതത്തെ വീക്ഷിക്കുന്നത് ഏതുപ്രകാരമാണൊ അതിനെ ആസ്പദമാക്കിയാണ് പ്രേമതത്വം സ്ഥിതിചെയ്യുന്നത്. ഈ ലോകംതന്നെയാണ് നമ്മളുടെ ലക്ഷ്യവും പ്രാപ്യവും എന്നു വിചാരിക്കുന്നത് സ്വയം അധോഗമനത്തെ വരിക്കുകയാണ്. ഈ ധാരണയോടുകൂടി ജീവിതത്തിൽ പ്രവേശിക്കുന്നവൻ അധഃപതിക്കുന്നു. അവന് ഉന്നതി ഒരിക്കലുമുണ്ടാകയില്ല. ഈ ദൃശ്യജഗത്തിനു പിൻപിലുള്ള വസ്തുക്കളെപ്പററി അവന് യാതൊരു വെളിച്ചവും ഉണ്ടാകുന്നില്ല. അവൻ സദാ ഇന്ദ്രിയങ്ങൾക്ക് വശ്യനാണ്. ഉദരപൂർത്തിക്കുവേണ്ടി വല്ലതും സമ്പാദിക്കാൻ അവൻ നന്നാ അദ്ധ്വാനിക്കും. അപ്രകാരമുള്ള ജീവിതത്തിനെക്കാൾ ശ്രേഷ്ഠം മൃതിതന്നെ. ലോകത്തിനും ഇന്ദ്രിയങ്ങൾക്കും കീഴ്പ്പെട്ട്, ദാസന്മാരായിരിക്കുന്ന നമുക്ക് ഉണർന്നുനോക്കാം. ഇന്ദ്രിയങ്ങളിലെ ജീവിതത്തിൽനിന്നും ശ്രേഷ്ഠമായ വസ്തുക്കൾ ഉണ്ട്. അപ്രമേയനായ ആത്മാവ് നേത്രശ്രോത്രങ്ങൾക്കോ ഘ്രാണേന്ദ്രിയത്തിനോ ദാസ്യം വഹിക്കുവാൻ തയാറാണെന്നു നിങ്ങൾ വിചാരിക്കുന്നുവോ? സർവ്വജ്ഞനും സർവ്വശക്തനും അനന്തനുമായ ആത്മാവ് സകല ബന്ധങ്ങളെയും നശിപ്പിക്കുന്നതിന് സമർത്ഥനാണ്. സകലത്തിനും പിന്നിൽ ഈ ആത്മാവ് സ്ഥിതിചെയ്യുന്നു, നാം അതുതന്നെയാണ്. പ്രേമംവഴി നമുക്കും ആ ആത്മാവിൻെറ ശക്തികൾ ലഭിക്കുന്നു. ഇതാണ് നമ്മളുടെ ആദർശം എന്ന ഓർമ്മയുണ്ടായിരിക്കണം. ഒരു ദിവസംകൊണ്ട് ഇതു സിദ്ധിക്കയില്ല, ശരി. ലഭിച്ചുവെന്നു സങ്കല്പിച്ചാലും അതു വളരെ വളരെ ദൂരത്തിൽതന്നെ സ്ഥിതിചെയ്യുന്നതെയുള്ളു. നാം നിൽക്കുന്ന സ്ഥാനത്തുനിന്നും ക്രമേണ ഉയരണം. നമ്മളെല്ലാം ജഡവാദികളാണ്, നാം ഈശ്വരൻ ആത്മാവ് ഇവയെപ്പററി സംസാരിക്കുന്നത് എല്ലാം നല്ലതുതന്നെ. പക്ഷെ അത് സമുദായത്തിലെ നടപ്പ് അനുസരിച്ചുള്ള വെറും സംസാരം മാത്രമാണ്; തത്തയെപ്പോലെ പഠിച്ചതെല്ലാം പാടുന്നു. അതുകൊണ്ട്, നാം ജഡവാദികളാണെന്നുള്ളത് സ്വീകരിച്ച്, ജഡപദാർത്ഥങ്ങളുടെ സഹായമവലംബിച്ച് ക്രമേണ പുരോഗമനംചെയ്യുമ്പോൾ, ആത്മവാദികളായിത്തീരുകയും നാം ആത്മാവാണെന്നു അനുഭൂതി ലഭിക്കുകയും, ആത്മാവിനെ അറിഞ്ഞിട്ടു, ഈ ദൃശ്യജഗത്ത് ഇതിനു പുറകിലുള്ള സൂക്ഷ്മജഗത്തിൻെറ ഒരു സ്ഥൂലമായ ബാഹ്യരൂപം മാത്രമെന്നു കാണുകയും ചെയ്യുന്നു.

അതുകൂടാതെയും ചിലതെല്ലാം ആവശ്യമാണ്. യേശുക്രിസ്തു മലമേൽനിന്നു നൽകിയ ഉപദേശത്തിൽ (Sermon on the Mount) ഇപ്രകാരം പറയുന്നു: "യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും. അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും" പക്ഷെ ആർ അന്വേഷിക്കുന്നു? ആർ ആവശ്യപ്പെടുന്നു? ഈശ്വരനെ അറിയാമെന്നു നാമെല്ലാം പറയും; ഈശ്വരനില്ലെന്നു തെളിയിക്കുവാൻ ഒരാൾ ഒരു പുസ്തകം നിർമ്മിക്കും; വേറെ ഒരാൾ ഉണ്ടെന്നു തെളിയിക്കാൻ മററൊന്നെഴുതും. ജീവിതം മുഴുവൻ ഈശ്വരനുണ്ടെന്നുള്ളതിന് തെളിവ് കൊടുക്കുവാൻ ശ്രമിക്കയാണ് തൻെറ ബാദ്ധ്യതയെന്നു ഒരാൾ കരുതുന്നു. വേറൊരുത്തൻ ഈശ്വരനില്ലെന്നു തെളിയിക്കുന്നതിനായി ജീവിതം ചിലവാക്കുന്നു; ഈശ്വരനില്ലെന്ന് ആളുകളെ പഠിപ്പിക്കുകയും ചെയ്യുന്നു. ഉണ്ടെന്നോ ഇല്ലെന്നോ തെളിയിക്കുവാൻ പുസ്തകമെഴുതിയാൽ പ്രയോജനമെന്താണ്? ഈശ്വരനുണ്ടെങ്കിലും ഇല്ലെങ്കിലും അധികംപേൎക്കും അതിൽനിന്നും എന്താണ് വരാൻ പോകുന്നതു? ഭൂരിപക്ഷമാളുകളും ഈശ്വരനെപ്പററി ചിന്തിക്കുകയോ ഈശ്വരൻ ആവശ്യമാണെന്നുള്ള തോന്നൽ ഉണ്ടായിരിക്കുകയോ ചെയ്യാതെ വെറും യന്ത്രംപോലെയാണ് പ്രവൎത്തിക്കുന്നതു്. ഇപ്രകാരം ദിനങ്ങൾ കഴിയുമ്പോൾ മൃത്യുവിൻെറ ആഹ്വാനം കേൾക്കയായി. "അല്പമൊന്നു കാത്തുനിൽക്കണമെ! ഇതാ വന്നു കഴിഞ്ഞു എൻെറ മകൻ കുറച്ചുകൂടി ഒന്നു വളൎന്നു കണ്ടുകൊള്ളട്ടെ" എന്നു ഉത്തരം പറയുന്നു. മൃത്യുവിൻെറ ആഹ്വാനം, ഉടൻ കൂടെ തിരിക്കുന്നതിനായിട്ടാണ്. ഇങ്ങിനെയാണ് കാലഗതി. സാധു മനുഷ്യൻ യാത്രയായി. ഈശ്വരൻെറ മഹത്വം യാതൊരു വസ്തുവിലും കാണുന്നതിന്, അയാൾക്കു സാധിച്ചില്ല. ഒരു പക്ഷെ അയാളുടെ പൂൎവ്വജന്മത്തിൽ ഒരു സൂകരമായിരുന്നിരിക്കാം, മനുഷ്യത്വം സിദ്ധിച്ചതോടുകൂടി അവസ്ഥ വളരെ ഭേദമായിത്തീൎന്നല്ലൊ. ചുരുക്കം ചിലർ ഈ ഘട്ടത്തിൽ അല്പമൊന്നു ഉണരുന്നു. വലിയ ഒരാപത്തിലകപ്പെടുന്നു—അതായതു് അത്യന്തം സ്നേഹിച്ചിരുന്ന ഒരാൾ മരിക്കുന്നു. സൎവ്വാത്മനാ സ്നേഹിച്ചിരുന്ന ഈയാൾക്കുവേണ്ടി ലോകരെയെല്ലാം—സ്വന്തം സഹോദരനെപ്പോലും ചതിച്ചിട്ടുണ്ടു്. അപ്രകാരമുള്ളയാൾ ലോകത്തിൽനിന്നും മറയുകയാണ്. ഇതോടുകൂടി ഹൃദയം തകരുന്നു. "ഐഹികം വിട്ടാലത്തെ അവസ്ഥയെന്താണ്?" എന്ന് ഒരു ചോദ്യം ഉള്ളിൽ ശബ്ദിക്കുന്നു. ഏതെങ്കിലും ഭേദകമല്ലാതെയും മരണമുണ്ടാകാറുണ്ടെങ്കിലും അതു ചുരുക്കമാണ്. നാം അവലംബിച്ചിരിക്കുന്ന വസ്തു ഇളകിപ്പോകുമ്പോൾ നമ്മളിൽ അധികംപേരും "അടുത്തതു് എന്താണ്?" എന്നു ചോദിക്കുന്നു. ഇന്ദ്രിയവിഷയങ്ങളോടുള്ള നമ്മളുടെ ആസക്തി ആശ്ചൎയ്യംതന്നെ! മുങ്ങിച്ചാകുന്നവൻ പുല്ലിലും പിടികൂടുമെന്നാണ് പഴമൊഴി: മനുഷ്യൻ പുല്ലിൽ പിടികൂടുന്നു; അതിൽ രക്ഷയില്ലെന്നു കണ്ടു

സഹായത്തിന് അന്യരെ വിളിക്കുന്നു. എങ്കിലും ഏകമുഖീനമായ സ്ഥിരോദ്യമം വന്നുചേരുന്നതിന് മുൻപായി എല്ലാവരും സ്വേച്ഛപോലെ പലതിലും തിരിയേണ്ടതായിട്ടുണ്ട്. പിന്നീട് മാത്രമെ ഉയർച്ച ലഭിക്കുന്നുള്ളു.

ഭക്തിയോഗം ഒരു ധർമ്മമാണ്. യഥാർത്ഥ ധർമ്മം വളരെപ്പേർക്കുള്ളതല്ല. അത് അസാദ്ധ്യമാണ്. അഞ്ജലിബന്ധവും നമസ്കാരവും ഇരിപ്പും എഴുന്നേല്പുമെല്ലാം വളരെപ്പേർക്കു പററിയതായിരിക്കാം. എങ്കിലും ധർമ്മം ചുരുക്കം ചിലർക്കുമാത്രം വേണ്ടിയാണ്. ബാക്കിയുള്ളവർക്ക് ധർമ്മാത്മാക്കളായിരിക്കാൻ നിവൃത്തിയില്ല. അവർ ഉൽബുദ്ധന്മാരാകയില്ല. അവർ ധാർമ്മികന്മാരാകണമെന്നാവശ്യപ്പെടുന്നുമില്ല. ഈശ്വരനെ ലഭിക്കണമെന്നാവശ്യപ്പെടുകയാണ് ഏററവും മുഖ്യം. ഈശ്വരനൊഴികെ മററുള്ളതെല്ലാം നമുക്കുവേണം; നമ്മുടെ സാമാന്യ ആവശ്യങ്ങളെല്ലാം ബാഹ്യജഗത്തിൽനിന്നും കിട്ടുന്നുണ്ട്. നമ്മളുടെ ആവശ്യങ്ങൾ ബാഹ്യജഗത്തിനെ കവിഞ്ഞുപോകുമ്പോൾ മാത്രമെ ആന്തരജഗത്തിൽ—ഈശ്വരനിൽ—നിന്നു നാം സാമഗ്രികളെ ആവശ്യപ്പെടുന്നുള്ളു. നമ്മളുടെ ആവശ്യങ്ങൾ ഭൗതികജഗത്തിൽ അടങ്ങിയിരിക്കുന്നിടത്തോളംകാലം നമുക്ക് ഈശ്വരനെ ലഭിക്കേണ്ട ആവശ്യമില്ല. ഐഹികവസ്തുക്കളിലെല്ലാം മരിച്ചന്നശേഷമേ അതിന് ഉപരിയായിടത്തേയ്ക്കു നമ്മുടെ ദൃഷ്ടിപതിയുന്നുള്ളു. പ്രയോജനമുള്ളപ്പോൾ മാത്രമെ നാം ഒരു വസ്തു ആവശ്യപ്പെടുന്നുള്ളു. ബാലന്മാരുടെ കളിക്കുതുല്യമായ ലൗകികം എത്രയും വേഗം കഴിക്കുന്നുവോ അത്രയും വേഗം അലൗകികമായ ഏതോ ഒന്നിന്റെ ആവശ്യകത തോന്നിത്തുടങ്ങും. അപ്പോൾ ഭക്തിയുടെ ആദ്യത്തെ പടികളിൽ എത്തിക്കഴിഞ്ഞു.

നാട്ടിൽ നടപ്പാ (ഫാഷൻ) യിട്ട് ഒരുവക ധർമ്മമുണ്ട്. എന്റെ സ്നേഹിതന്റെ ഗൃഹത്തിൽ അനേകം സാമാനങ്ങളുണ്ട്; ജപ്പാനിലുണ്ടാക്കിയ ഒരു പാത്രവും ആ കൂട്ടത്തിലുണ്ട്. എന്തു വിലയായാലും വേണ്ടതില്ല അതുപോലെ ഒന്ന് എനിക്കും കൂടിയേതീരൂ. അതുപോലെ ഞാനും അല്പമൊക്കെ ധാർമ്മികനായിരിക്കാം, ഒരു ധർമ്മസംഘത്തിൽ ചേർന്നിട്ടുമുണ്ടായിരിക്കാം. ആ മാതിരിക്കാർക്കുവേണ്ടിയല്ല, ഭക്തി. അതു ശരിയായ ആവശ്യമല്ല. യാതൊന്നുംകൂടാതെ നാം ജീവിക്കുന്നില്ലയോ അതുമാത്രമെ ശരിയായ ആവശ്യമാകൂ. ശ്വാസോച്ഛ്വാസംചെയ്യണം; ആഹാരംവേണം; വസ്ത്രം ധരിക്കണം; ഇവ കൂടാതെ നമുക്ക് ജീവിക്കാൻ കഴിയുകയില്ല. ഒരുവൻ ഒരു സ്ത്രീയിൽ അനുരക്തനായിരിക്കുമ്പോൾ ചില അവസരങ്ങളിൽ അവളെ കൂടാതെ അവൻ ജീവിക്കുക എന്നുള്ളത് അസാദ്ധ്യമാണെന്നു വിചാരിക്കുന്ന ക്ഷണങ്ങൾ ഉണ്ട്. പരമാർത്ഥത്തിൽ ഇതു വെറും അബദ്ധമായിക്കൊള്ളട്ടെ. പതിയുടെ മരണാനന്തരം പത്നി അവനെക്കൂടാതെ ജീവിക്കാൻ പ്രയാസമെന്നു വിചാരിക്കുന്നുവെങ്കിലും അവൾ ജീവിക്കുകതന്നെ ചെയ്യുന്നു. ഇതാണ് ആവശ്യകതയുടെ രഹസ്യം. അത് നമ്മുടെ

ജീവിതത്തിന്ന് അനിവാര്യമാണ്. അതു ലഭിച്ചില്ലെങ്കിൽ നാം മരിക്കുന്നു. ഈശ്വരനെക്കുറിച്ച് നമുക്ക് ഇതുപോലെയുള്ള ഒരു ആവശ്യകത തോന്നുമ്പോൾ അതായതു് ഭൌതികശക്തികൾക്കും ഈ ലോകത്തിനും ഉപരിയായിട്ടുള്ളവയെ നാം ആവശ്യപ്പെടുമ്പോൾ—നമുക്ക് ഭക്തന്മാരായിതീരാം. മായാവരണം മാറി ഒരു നിമിഷനേരത്തേയ്ക്കെങ്കിലും ദിവ്യപ്രകാശം ലഭിക്കുമ്പോൾ നമ്മുടെ തുച്ഛമായ ജീവിതം എന്തായിത്തീരുന്നു? ആ ക്ഷണത്തിൽ സകല വാസനകളും കടലിൽ വീണ നീർത്തുള്ളിപോലെ തോന്നിക്കുന്നു. അപ്പോൾ അന്തരാത്മാവ് അനന്തവികാസം പ്രാപിക്കുകയും ഈശ്വരനെ പ്രാപിക്കുന്നതിനു പരമവ്യാകുലത കാണിക്കുകയും ചെയ്യുന്നു.

നാം ഏതൊരു വസ്തുവിനെയാണ് വേണം എന്നാവശ്യപ്പെടുന്നതു്? ഇതാണ് ഒന്നാമത്തെപടി. നമുക്ക് ഈശ്വരനെ ലഭിക്കണമോ? എന്നുള്ള ഈ ചോദ്യം ദിവസവും നമുക്ക് തന്നത്താൻ ചോദിച്ചുനോക്കാം. ലോകത്തിലുള്ള സകല ഗ്രന്ഥങ്ങളും പാരായണംചെയ്തിട്ടുണ്ടായിരുന്നാലും വാക്ശക്തികൊണ്ടോ, ബുദ്ധിശക്തികൊണ്ടോ, പ്രജ്ഞാനംകൊണ്ടോ ഈ പ്രേമം ഒരിക്കലും ലഭിക്കുവാൻ കഴിയുകയില്ല. ഈശ്വരനെ പ്രാപിക്കണമെന്നു, അത്യന്തം ആഗ്രഹമുള്ളവന് ഈശ്വരപ്രേമം ലഭിക്കുന്നു. ഈശ്വരൻതന്നെ സ്വസ്വരൂപത്തെ വെളിപ്പെടുത്തിക്കൊടുക്കുന്നു. പ്രേമം എപ്പോഴും പാരസ്പരികമാണ്. ഒരാൾ സ്നേഹിക്കുകയാണെങ്കിൽ അയാളുടെ സ്നേഹത്തിനു വിഷയമാകുന്നയാളും സ്നേഹിക്കേണ്ടതായിട്ടുണ്ട്. നിങ്ങൾ എന്നെ വെറുക്കുകയാണെങ്കിൽ ഞാൻ നിങ്ങളെ സ്നേഹിക്കുമ്പോൾ നിങ്ങൾ എന്നെ വഞ്ചിക്കുകതന്നെ ചെയ്യുന്നു. എങ്കിലും ഒരു മാസമൊ ഒരു വർഷമൊ ഞാൻ സ്ഥിരോത്സാഹത്തോടുകൂടി ഇരുന്നാൽ നിങ്ങൾ എന്നെ സ്നേഹിക്കുവാൻ ബദ്ധന്മാരായിത്തീരും. ഇതു ഒരു പ്രസിദ്ധമായ മനസ്തത്വമാണ്. അനുരാഗവതിയായ ഒരു ഭാര്യ, മരിച്ചുപോയ ഒരു ഭർത്താവിനെപ്പററി വിചാരിക്കുന്നതുപോലെ, അതേമാതിരി പ്രേമത്തോടുകൂടി നാം ഈശ്വരനെ ലഭിക്കുവാൻ ആഗ്രഹിക്കണം. അപ്പോൾ ഈശ്വരദർശനം ലഭിക്കും. സകല ഗ്രന്ഥങ്ങളും സകല ശാസ്ത്രങ്ങളും നമ്മെ യാതൊന്നുംതന്നെ അപ്പോൾ പഠിപ്പിക്കുന്നില്ലെന്നും കാണും. പുസ്തകപാരായണംകൊണ്ട് നാം തത്തമ്മയായിത്തീരുന്നു. പുസ്തകപാരായണംകൊണ്ട് ആരും പണ്ഡിതന്മാരായിത്തീരുന്നില്ല. പ്രേമത്തിൻെറ ഒരു വാക്കു പഠിക്കുന്നതോടുകൂടി ഒരുവൻ തീർച്ചയായും പണ്ഡിതനായിത്തീരുന്നു. അതുകൊണ്ടു് ആദ്യമായി അപ്രകാരമുള്ള ഉൽക്കടമായ ആഗ്രഹം ജനിപ്പിക്കേണ്ടതിനാണ് നാം ശ്രമിക്കേണ്ടതു്. ഓരോ ദിവസവും നമുക്ക് ഈശ്വരനെ ലഭിക്കണമൊ എന്നു തന്നത്താൻ ചോദിച്ചുനോക്കാം. മതത്തെപ്പററി സംസാരിക്കുവാൻ തുടങ്ങുമ്പോഴും സ്വയം ഉപരിയായ ഒരു സ്ഥാനത്തെ സ്വീകരിക്കുമ്പോഴും അന്യരോട് ഉപദേശിക്കുവാൻ തുടങ്ങുമ്പോഴും നാം ഈ ചോദ്യം ചോദിക്കേണ്ട

താണ്. ഈശ്വരനെയല്ല, അതിനെക്കാൾ കൂടുതലായി ആഹാരമാണ് ആവശ്യമുള്ളതു് എന്നു ഞാൻ പലപ്പോഴും കാണുന്നു. അല്പം ആഹാരം ലഭിച്ചില്ലെങ്കിൽ ഞാൻ ഭ്രാന്തനായിപ്പോയേക്കാം; വജ്രഖചിതമായ ഒരു സൂചികിട്ടിയില്ലെങ്കിൽ പലേ മാന്യയുവതികളും ഭ്രാന്തുപിടിച്ചുപോയേക്കാം. പക്ഷെ അവൎക്കു് അതുപോലെയുള്ള ആഗ്രഹം ഈശ്വരപ്രാപ്തിയിലില്ല; ജഗത്തിലുള്ള ഏകമായ സത്യത്തെ അവർ അറിയുന്നില്ല. വേട്ടയ്ക്കുപോയാൽകാണ്ടാമൃഗത്തിനെത്തന്നെ വേട്ടയാടണം, കൊള്ളയ്ക്കുപോയാൽ രാജഭണ്ഡാരംതന്നെ കൊള്ളയിടണം എന്ന അൎത്ഥത്തിൽ ബംഗാളിയിൽ ഒരു പഴമൊഴിയുണ്ടു്. ദരിദ്രന്മാരെ കൊള്ളചെയ്യുതുകൊണ്ടു് എന്താണ് സാദ്ധ്യം, അല്ലെങ്കിൽ എറുമ്പിനെ വേട്ടയാടിയതുകൊണ്ടു് വല്ല പ്രയോജനവുമുണ്ടോ? അതുപോലെ നിങ്ങൾക്കു് സ്നേഹിക്കണമെന്നുണ്ടെങ്കിൽ ഈശ്വരനെ സ്നേഹിക്കുവിൻ! ലൌകികങ്ങളായ പദാൎത്ഥങ്ങളെ ആർ വകവെയ്ക്കുന്നു? ഈ ലോകം ശുദ്ധമെ മിത്ഥ്യയാണ്; ലോകത്തിലെ മഹാന്മാരായ ഉപദേഷ്ടാക്കളെല്ലാം അതു കണ്ടുപിടിച്ചിട്ടുണ്ടു്. ഈ മിത്ഥ്യാത്വത്തിൽനിന്നു രക്ഷാമാൎഗ്ഗം ഈശ്വരനിൽകൂടി മാത്രമെയുള്ളു. അദ്ദേഹംതന്നെയാണ് ജീവിതത്തിൻെറ പരമലക്ഷ്യം. ഈ ലോകമാണ് ജീവിതത്തിൻെറ പരമലക്ഷ്യമെന്നുള്ള ധാരണ വളരെ ആപൽകരമാണ്. ഈ ലോകത്തിനും ശരീരത്തിനും എല്ലാം വിലയുണ്ടു്. പക്ഷെ അവയുടെ വില മറേറതിനോളം പ്രധാനമല്ല. അവ ഒന്നു സാധിക്കുവാനുള്ള ഉപായമാണ് എന്നുള്ളതുതന്നെയാണ് അവയുടെ പ്രാധാന്യം. അതുകൊണ്ടു് ലോകം സാധനമല്ലാതെ സാദ്ധ്യമായിരിക്കുവാൻ നിവൃത്തിയില്ല. എങ്കിലും ദൌൎഭാഗ്യവശാൽ ലോകംതന്നെ ഉദ്ദേശ്യമായും ഈശ്വരനെ ഒരു സാധനമായും നാം പലപ്പോഴും കല്പിച്ചുപോരുന്നുണ്ടു്. ജനങ്ങൾ പള്ളിയിൽപോയി പല വസ്തുക്കളേയും അൎത്ഥിക്കുന്നതായും രോഗങ്ങളെ സുഖപ്പെടുത്തുന്നതിനപേക്ഷിക്കുന്നതായും നാം കാണുന്നു. ചിലൎക്കു് അരോഗദൃഢഗാത്രന്മാരായിത്തീരണം. മററാരെങ്കിലും അവൎക്കുവേണ്ടി ഈ സഹായം ചെയ്യുകൊടുക്കുമെന്നു കേട്ടറിഞ്ഞിട്ടുള്ളതുകൊണ്ടു് അവർ ഈശ്വരനെ പ്രാൎത്ഥിക്കുന്നു. ധൎമ്മത്തെപ്പററി ഇപ്രകാരമുള്ള ഒരു ധാരണ വെച്ചുകൊണ്ടിരിക്കുന്നതിനേക്കാൾ നല്ലതു് ഒരു നാസ്തികനായിരിക്കുകതന്നെയാണ്. ഭക്തി ഏററവും ഉയൎന്ന ആദൎശമാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. അനേകംകോടി വൎഷങ്ങൾകൊണ്ടു് നാം ആ ആദൎശത്തെ പ്രാപിക്കുമൊ എന്നു എനിക്കറിവില്ല. എങ്കിലും അതു് നമ്മളുടെ പരമലക്ഷ്യമായിത്തന്നെ ഇരിക്കണം. നമ്മളുടെ ഇന്ദ്രിയങ്ങൾ ആ ഉച്ചമായ ആദൎശത്തെതന്നെ ലക്ഷീകരിക്കണം. ആ ലക്ഷ്യത്തെ പ്രാപിക്കുവാൻ കഴിഞ്ഞില്ലെങ്കിലും നാം ആ ലക്ഷ്യത്തെ സമീപിക്കുന്നു. ഈശ്വരനെ പ്രാപിക്കുന്നതിന് ഇന്ദ്രിയങ്ങൾവഴിയായും ദൃശ്യജഗത്തിൽ കൂടിയും സാവകാശത്തിൽ നാം പരിശ്രമിക്കേണ്ടതാണ്.

# ശ്രീ ഭാനുദാസചരിതം.

പണ്ട് സൂര്യോപാസകനായി ധർമ്മശീലനായി ഒരു ബ്രാഹ്മണൻ വസിച്ചിരുന്നു. പണ്ഡിതനും പരിശുദ്ധനും ആയിരുന്ന അദ്ദേഹത്തിന് ഏദയാഗ്ഗൂദ്ധാരകനായി ഒരു പുരുഷസന്താനം ഉണ്ടായി. ആ ശിശു മാതാപിതാക്കന്മാരുടെ വാത്സല്യനിദാനമായി വളർന്നു; യഥാകാലം ഉപനയനാദി വൈദികകർമ്മങ്ങളും നിർവ്വഹിക്കപ്പെട്ടു.

ഒരു ദിവസം, കുട്ടിയെ വേദാദ്ധ്യയനംചെയ്യിച്ചുകൊണ്ടിരുന്ന പിതാവ്, ഏതോ കാരണത്താൽ പുത്രനിൽ സ്വല്പം കുപിതനായി. അച്ഛന്റെ കോപത്തെ ഭയന്ന് വിഷണ്ണനായിത്തീർന്ന ആ ബാലൻ, ഗൃഹംവിട്ട് എവിടെങ്കിലും പോയി ഒളിച്ചിരിക്കുന്നതിന് തീർച്ചയാക്കി. അച്ഛന്റെ അറിവിലും ദൃഷ്ടിയിലും ഗോചരമാകാത്ത ഒരു പ്രദേശം അന്വേഷിച്ച് അവൻ വളരെ ദൂരം സഞ്ചരിച്ചു. ഒടുവിൽ, ജനശൂന്യമായ ഒരു ജീർണ്ണക്ഷേത്രം അവന്റെ നയനങ്ങൾക്ക് വിഷയീഭവിച്ചു. ഈ ക്ഷേത്രം, നഗരത്തിന്റെ ബാഹിർഭാഗത്ത് വിജനമായ ഒരു സ്ഥലത്തായിരുന്നതുകൊണ്ടും വിശിഷ്യ, ജനപഥത്തിൽനിന്നും താഴ്ന്നു ഉപഗൂഢമായിരുന്നതുകൊണ്ടും സാധാരണയായി യാത്രക്കാരുടെ ദൃഷ്ടിയിൽ പെട്ടിരുന്നില്ല. തന്റെ ഉദ്ദേശത്തിനുതക്കതായ ഈ സ്ഥലവും ക്ഷേത്രവും കണ്ട് സന്തുഷ്ടനായ ആ ബാലൻ അതിനുള്ളിൽ പ്രവേശിച്ച് ചുററും നോക്കി. ആ ദേവാലയത്തിൽ വളരെ പുരാതനമായ ഒരു 'സൂര്യനാരായണ'വിഗ്രഹം ഉണ്ടായിരുന്നു. ഭക്തിപരവശനായ കുമാരൻ ആ സൂര്യനാരായണന്റെ പാദങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചു. സാധുവായ കുട്ടിയുടെ നിസ്സീമമായ ഭക്തിയും മനഃശുദ്ധിയും കണ്ട് പ്രസന്നനായ ഭഗവാൻ, "ഇവന് (ആത്മ)ജ്ഞാനമശേഷമില്ലെങ്കിലും എന്നിൽ ദൃഢമായ ഭക്തിയും വിശ്വാസവും ജനിച്ചിട്ടുണ്ട്." എന്ന് ചിന്തിച്ചുകൊണ്ട് മാനുഷരൂപംധരിച്ച് ആ കുമാരന്റെ മുൻപിൽ പ്രത്യക്ഷനായി. അദ്ദേഹം ആദ്യമായി അവന്റെ ക്ഷീണം തീർക്കുന്നതിന് വേണ്ടുവോളം പാൽ കൊണ്ടുവന്നു കൊടുത്തശേഷം വിശ്വാസജനകങ്ങളായ വാക്കുകളാൽ അഭയദാനംചെയ്ത് അവനെ സമാശ്വസിപ്പിച്ചു. ഭഗവാൻ പറഞ്ഞു:—"കുഞ്ഞേ! ഭയപ്പെടേണ്ട; ശ്രീ പാണ്ഡുരംഗനെ സദാ സ്മരിച്ച് ആശ്വസിക്കുക, സങ്കടാവസരങ്ങളിൽ എന്റെ സഹായം അപേക്ഷിക്കുന്നതായാൽ ഞാൻ ഉടൻതന്നെ നിനക്കു പ്രത്യക്ഷനാകുന്നതാണ്."

ആ ബാലന്റെ മാതാപിതാക്കന്മാരാകട്ടെ, ഇതിനിടയ്ക്ക്, തങ്ങളുടെ വാത്സല്യഭാജനമായ പുത്രനെ പല സ്ഥലത്തും അന്വേഷിച്ച് കാണാതെ

ഭഗ്നാശയരായ; ദിവസങ്ങൾ ഏഴു കഴിഞ്ഞു. ദേവാലയത്തിനകത്തുതന്നെ കഴിച്ചുകൂട്ടിയിരുന്ന ദ്വിജകുമാരൻ, ഒരു ദിവസം പുറത്തുവന്നു നിൽക്കുന്നതു് എങ്ങിനെയോ ഒരു ബ്രാഹ്മണൻ കാണുന്നതിനിടയായി. തൽക്ഷണം, അദ്ദേഹം കുട്ടിയെ വിളിച്ചുവെങ്കിലും കുമാരൻ ഓടി ക്ഷേത്രാന്തർഭാഗത്തിൽ മറഞ്ഞുകളഞ്ഞു.

അദ്ദേഹം ഉടൻതന്നെ നഗരത്തിലേയ്ക്കു് മടങ്ങിവന്നു് കുട്ടിയുടെ അച്ഛനെ വൃത്താന്തം ധരിപ്പിച്ചു. വിവരമറിഞ്ഞു് ആനന്ദഭരിതരായിത്തീൎന്ന ആ മാതാപിതാക്കന്മാർ അയൽക്കാരായ ചില ഗ്രാമവാസികളോടുകൂടി മകനെ കൂട്ടിക്കൊണ്ടുവരുന്നതിനായി പുറപ്പെട്ടു. ആ സ്ഥലത്തു് അപ്രകാരം ഒരു ക്ഷേത്രം ഉണ്ടെന്നുപോലും അറിഞ്ഞിട്ടില്ലായിരുന്നതിനാൽ ദേവാലയം കണ്ടപ്പോൾ അവരേവരും ആശ്ചൎയ്യമഗ്നരായി. ഭൂഗർഭത്തിൽ ഗുപ്തമായിരുന്നതുകൊണ്ടു് വെളിച്ചത്തിനുവേണ്ടി ദീപയഷ്ടികളോടുകൂടിയാണു് അവർ ധൈൎയ്യസമേതം അകത്തു പ്രവേശിച്ചതു്. ദേവാലയത്തിന്റെ ഒരു ഭാഗത്തായി, മുൻ പറഞ്ഞ ശ്രീനാരായണവിഗ്രഹവും, വിഗ്രഹത്തിന്റെ പാദപത്മങ്ങളിൽ ശിരസ്സിനെ സമൎപ്പിച്ചു് സസുഖം നിദ്രചെയ്യുന്ന ബ്രാഹ്മണകുമാരനേയും അവർ സകലരും സാശ്ചൎയ്യം സമീക്ഷിച്ചു. സന്തുഷ്ടരായിത്തീൎന്ന മാതാപിതാക്കന്മാർ അശ്രുപൂൎണ്ണങ്ങളായ നേത്രങ്ങളോടുകൂടി തങ്ങളുടെ പ്രിയപുത്രനെ വാത്സല്യപൂൎവ്വം മാറോടുചേൎത്തു് ആശ്ലേഷിച്ചു്, ഏകനായി ആ വിജനസ്ഥലത്തു വന്നതെങ്ങിനെയെന്നു് ചോദിച്ചു. ഇതിനിടയിൽ അത്ഭുതപരവശരായിരുന്ന മററു പലരും, "കുഞ്ഞു് വിശപ്പും ദാഹവും സഹിച്ചു് ഇത്രയുംദിവസം എങ്ങനെ കഴിച്ചുകൂട്ടി?" എന്നും മററും അന്വേഷണം തുടങ്ങി.

ബാലൻ:—"പരമതേജസ്വിയും ദീപ്തിമാനും ആയ ഒരു ദ്വിജോത്തമൻ എന്റെ മുമ്പിൽ ആവിർഭവിച്ചു് ക്ഷുന്നിവൃത്തിക്കായി പാൽതന്നു് എന്റെ ജീവനെ രക്ഷിച്ചു," ഇതുകേട്ടപ്പോൾ അവിടെ കൂടിയിരുന്ന സകലരും, "നിശ്ചയമായും ബാലന്റെ ഭക്തിയും വിശ്വാസവുംകണ്ടു് പ്രസന്നനായി ഭഗവാൻ സൂൎയ്യനാരായണൻതന്നെ ആവിർഭവിച്ചതാണു്." എന്നു തീൎച്ചയാക്കി. ഭാസ്കരദേവന്റെ അനുഗ്രഹവും സന്തുഷ്ടിയും ലഭിച്ചതിനാൽ ആ ബാലനെ അന്നുമുതൽ, "ഭാനുദാസൻ" എന്നു് സകലരും വിളിച്ചുവന്നു.

പുത്രനെ വീണ്ടും ലഭിച്ചതുകൊണ്ടു് സന്തുഷ്ടരായ്ഭവിച്ച ആ ദ്വിജദമ്പതിമാർ, അവനോടുകൂടി സ്വഗൃഹത്തിലേയ്ക്കു് തിരിച്ചു. "നമ്മുടെ പ്രിയപുത്രന്റെ ജീവനെ രക്ഷിച്ചതു് ഭഗവാൻതന്നെയാണു്. മേലാൽ നാം അവനോടു് ഈ വിധം കഠിനമായി പെരുമാറാതിരിക്കണം. തന്റെ അപാരമായ കരുണയാലാണു് ശ്രീനാരായണൻ നമുക്കു് ഈ പുത്രനെ ദാനംചെയ്തിരിക്കുന്നതു്. എല്ലാം വിധിപോലെ സംഭവിക്കും. (ഭവിതവ്യം

ഭവത്യേവ.) പിന്നെ, നാം വൃഥാ അവൻെറ മനസ്സിനെ പീഡിപ്പിക്കുന്നതെന്തിനാണ്?" എന്നു പറഞ്ഞു് അവർ സമാധാനപ്പെട്ടു. വാത്സല്യാധിക്യത്താൽ ആർദ്രഹൃദയരായിത്തീൎന്ന ആ ദമ്പതിമാർ അവനെ ബുദ്ധിമുട്ടിക്കുന്നതായാൽ വീണ്ടും തങ്ങളെ വിട്ടു് പൊയ്ക്കളയുമെന്ന ഭയത്താൽ വിദ്യാഭ്യാസകാൎയ്യത്തിൽ നിർബന്ധിച്ചതുമില്ല.

അധികം താമസിയാതെ അവർ തങ്ങളുടെ പുത്രന് അനുരൂപയായ ഒരു വധുവിനെ അന്വേഷിക്കുകയും ഭാനുദാസൻെറ വിവാഹം അചിരേണ നടത്തപ്പെടുകയും ചെയ്തു; എങ്കിലും, കാലാന്തരത്തിൽ അദ്ദേഹം തൻെറ ആയുഷ്കാലത്തെ ശ്രീ ഹരിഭജനത്തിന്നായി വിനിയോഗിച്ചു.

ഭാനുദാസൻ ഒരു കച്ചവടക്കാരനായിരിക്കുവാൻ നിർബ്ബന്ധിതനായിത്തീരുന്നു.

യഥാകാലം ഭാനുദാസൻെറ മാതാപിതാക്കന്മാർ ഇഹലോകവാസം വെടിഞ്ഞു. പ്രകൃത്യാ വിഷയവിരക്തനും നിസ്പൃഹനുമായിരുന്ന ഭാനുദാസന് ലൌകികങ്ങളായ ജീവനോപായങ്ങളിൽ ഏൎപ്പെടുന്നതിന് തീരെ സമ്മതമുണ്ടായിരുന്നില്ല. പ്രതിഫലത്തെ ഉദ്ദേശിച്ച ഏതു ജോലിയും, എന്നുവേണ്ട, പ്രാപഞ്ചികവൃത്തികളെല്ലാംതന്നെ, അദ്ദേഹത്തിന് വിരോധമായിരുന്നു. രാജസേവനം ഒരിക്കലും ചെയ്യുന്നതല്ലെന്ന് അദ്ദേഹം സിദ്ധാന്തിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന് നിരന്തരമായുണ്ടായിരുന്ന ഏകചിന്ത, 'സദാ പാണ്ഡുരംഗഭജനത്തിൽ മുഴുകുക' എന്നുള്ളതുതന്നെയായിരുന്നു. തനിക്ക് കളത്രപുത്രാദികൾ ഉണ്ടായിരുന്നുവെങ്കിലും ഭാനുദാസൻ ലൌകികങ്ങളായ സകല പ്രലോഭനങ്ങളിലും നിസ്സംഗനായിട്ടാണ് കാണപ്പെട്ടതു്. ഗൃഹത്തിൽ അന്നവസ്ത്രാദികൾക്കുപോലും വേണ്ട ധനം ഇല്ലാതെയായപ്പോൾ സാദ്ധ്വിയായ അദ്ദേഹത്തിൻെറ ധൎമ്മപത്നി തുലോം അസ്വാസ്ഥ്യചിത്തയായി.

ഭാനുദാസൻെറ മനോഭാവവും കുടുംബസ്ഥിതിയും അറിഞ്ഞിരുന്ന ഏതാനും ചില ഗൃഹസ്ഥന്മാർ ഈ സങ്കടാവസ്ഥ കണ്ടു് ഒരിക്കൽ ഭാനുദാസനെ വിളിച്ചു് ഇപ്രകാരം പറഞ്ഞു:—"നിങ്ങളുടെ കുടുംബത്തിലെ നിൎദ്ധനത്വംകൊണ്ടുള്ള കഷ്ടതകൾ അറിയുന്നതിനുപോലും നിങ്ങൾ അശക്തനാണെന്ന് കാണുന്നല്ലോ. നിങ്ങളുടെ അച്ഛനുമമ്മയും ജീവിച്ചിരുന്നകാലത്തു് കുടുംബഭാരം മുഴുവനും അവർതന്നെ വഹിച്ചിരുന്നു. എന്നാൽ ഇനിയും നിങ്ങൾ അതിനെപ്പററി ഗൌനിക്കാതെ ഈ വിധം വിരക്തനായി കഴിച്ചുകൂട്ടുന്നതായാൽ ഭാവി എന്തായിരിക്കും? നിങ്ങൾക്ക് പറയത്തക്ക വിദ്യാഭ്യാസമൊന്നുമില്ലെന്നുള്ളതു് വാസ്തവംതന്നെ. അതിനാൽ തൽക്കാലസ്ഥിതികൾക്കനുയോജ്യമായ കൎത്തവ്യനിർദ്ദേശം ഞങ്ങൾ ചെയ്യാം; ദയവുണ്ടായി കേൾക്കണം. കുറച്ചു ചരക്കുവാങ്ങി കച്ചവടം തുടങ്ങുക. അതിൽനിന്നും ഉണ്ടാകുന്ന ലാഭത്താൽ നിങ്ങളുടെ കുടുംബത്തിനാവശ്യമുള്ള അന്ന

വസ്ത്രാദികൾ സംഭരിക്കുന്നതിന് സാധിക്കും. വ്യാപാരം തുടങ്ങുന്നതിനുള്ള മൂലധനമായി തൽക്കാലം ആയിരുറുപ്പികകൾ തരാം; മുതൽ ക്രമേണ വർദ്ധിപ്പിച്ച് നിങ്ങളുടെ സൗകര്യംപോലെ മടക്കിത്തന്നാൽ മതി."

ആ ഗൃഹസ്ഥന്മാർ അന്നുതന്നെ പറഞ്ഞിരുന്നപ്രകാരം ചരക്കുവാങ്ങി ഭാനുദാസനെ ഏല്പിച്ചു. ഭാനുദാസനേപ്പോലെതന്നെ അവരുടെ സഹായത്താൽ കച്ചവടംചെയ്തുകൊണ്ടിരുന്നവരായി വേറെയും ചിലർ ഉണ്ടായിരുന്നു. മുൻ പറഞ്ഞ ഗൃഹസ്ഥന്മാർ ഭാനുദാസനെ മററു കച്ചവടക്കാരുടെകൂടെ കച്ചവടംചെയ്യുന്നതിന് നിയോഗിക്കുകയും വ്യാപാരസ്ഥലത്തേയ്ക്കു പോകുമ്പോൾ ഭാനുദാസനെ പതിവായി കൂടെ കൊണ്ടുപോകുന്നതിനും അയാളുടെ വ്യാപാരത്തിൽകൂടി പ്രത്യേകം ശ്രദ്ധിച്ച് അയാളെ പരിശീലിപ്പിക്കുന്നതിനും അവരോട്ട് വേണ്ട ഏർപ്പാടുചെയ്യുകയുംചെയ്തു. അതിൻപ്രകാരം അവർ ഭാനുദാസനെ വ്യാപാരസ്ഥലത്തേയ്ക്ക് പതിവായി കൂട്ടിക്കൊണ്ടുപോകുകയും വ്യാപാരത്തിൻെറ രഹസ്യങ്ങൾ, ചരക്ക് തരംതിരിക്കുന്ന രീതി, വിലപറയേണ്ടവിധം, എന്നിവയെല്ലാം ഉപദേശിക്കുകയുംചെയ്തു. തങ്ങളുടെ രഹസ്യമായ അങ്കഗണിതത്തേയും അവർ അദ്ദേഹത്തിന് പറഞ്ഞുകൊടുത്തു.

മുതൽ, നഷ്ടംവരാതെ പ്രത്യേകം സൂക്ഷിക്കണമെന്നും, വാസ്തവമായ വില പറഞ്ഞാൽ ഒരിക്കലും ലാഭമുണ്ടാകയില്ലെന്നുതന്നെയല്ല, നിശ്ചയമായും വലുതായ നഷ്ടം നേരിടുമെന്നും അവർ പ്രത്യേകിച്ചു ധരിപ്പിച്ചിരുന്നു. ഒടുവിൽ പറഞ്ഞ ഈ ഉപദേശത്തിന് മറുപടിയായി ഭാനുദാസൻ "ഞാൻ ഒരിക്കലും—ആയുരന്താവരേയും—അസത്യം പറയുന്നതല്ല." എന്നാണ് പറഞ്ഞത്.

അദ്ദേഹത്തിൻെറ ഈ അഭിപ്രായം കേട്ട് അവിടെ നിന്നിരുന്ന സകല വ്യാപാരികളും പൊട്ടിച്ചിരിച്ചുപോയി. "യാചിച്ച് ജീവിതം കഴിച്ചുകൂട്ടണമെന്നുതന്നെയാണ് ഈയാളുടെ ശിരോലിഖിതം. അതുകൊണ്ടുതന്നെയാണ് ഇയാൾ നാം പറയുന്നതിനെ ശ്രദ്ധിക്കാത്തത്; "ദരിദ്രൻ" എന്ന പേരാണ് അയാൾക്ക് കുറച്ചുകൂടി യോജിക്കുന്നത്-" എന്നിങ്ങനെ അവർ ഹാസ്യമായി പറഞ്ഞു.

"ലാഭം ഉണ്ടാകണമെന്ന് ഒരിക്കൽ ആഗ്രഹം ജനിക്കട്ടെ; അപ്പോൾ കാണാം അസത്യം എത്രവേണമെങ്കിലും പറയുന്നത്. പ്രാപഞ്ചികവ്യവസായങ്ങളിലും മററും വെറും സത്യവാദികളായിരിക്കുന്നവർക്ക് ഭാഗ്യദേവതാകടാക്ഷമുണ്ടായി ആരും പറഞ്ഞുകേട്ടിട്ടില്ല." എന്ന് കുടിലമതിയായ മറെറാരുത്തൻ ഭാനുദാസനേനോക്കി പുഛഭാവത്തിൽ പറഞ്ഞു.

"ആജന്മം അന്ധനായ ഒരുവൻ, മററുള്ളവരും തന്നേപ്പോലെ അന്ധന്മാരാണെന്നു വിശ്വസിക്കുന്നു." എന്നത് എത്രയോ വാസ്തവമാണ്.

ഏററവും രുചികരമായ പദാർത്ഥംപോലും രോഗിക്ക് തിക്തകതുല്യമായി തോന്നുന്നതുപോലെ അസത്യവാന്മാരായ നരന്മാക്ക് ഒരുത്തരേയും സത്യവാദിയായി മനസ്സിലാക്കാൻ സാധിക്കയില്ല. ഒരുവൻെറ മനസ്സ് ഏതുവിധമോ അതുപോലെതന്നെയാണ് ഇതരന്മാരെപ്പററിയും അവൻ ധരിക്കുന്നതു്.

ഏതായാലും, ഭാനുദാസൻ സ്ഥിരചിത്തനായിത്തന്നെ തൻെറ വൃത്തി ആരംഭിച്ചു. വ്യാപാരത്തിൽ എന്തു നഷ്ടംതന്നെ വന്നിരുന്നാലും ഒരിക്കലും അസത്യം പറയുന്നതല്ലെന്ന് അദ്ദേഹം ദൃഢനിശ്ചയംചെയ്തു. അതിൻെറ ഫലമായി (അദ്ദേഹം പ്രദർശിപ്പിച്ച സത്യപ്രതിപത്തിയെപ്പററി അറിഞ്ഞു്) അത്ഭുതവിവശന്മാരായ ജനങ്ങൾ ചരക്കുവാങ്ങുന്നതിന്നായി അദ്ദേഹത്തിൻെറ കടയിൽതന്നെ കൂട്ടംകൂട്ടമായി ചെന്നുതുടങ്ങി. ക്രേതാക്കളിൽ ആരെങ്കിലും വസ്തുത്തിൻെറ വില ചോദിച്ചാൽ താൻ അതിന് വാസ്തവമായി കൊടുത്ത വിലയും അതിൻെറ മുതലിന്മേൽ തനിക്ക് കിട്ടണമെന്നുള്ള ലാഭവും ഇത്രയെന്ന്, അദ്ദേഹം പറയുക പതിവായിരുന്നു. താൻ ഒരിക്കൽ പറഞ്ഞതിന് വ്യത്യാസംവരുത്തുകയോ വാക്കുമാറി പറയുകയോ ചെയ്യുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നില്ല. "നിങ്ങൾക്കു സമ്മതമെങ്കിൽ വാങ്ങിക്കുക; അല്ലെങ്കിൽ വേറൊരിടത്തുനിന്നും വാങ്ങിക്കൊൾക." ഇത്രയും മാത്രമെ അദ്ദേഹം അവരോട്ട് പറഞ്ഞിരുന്നൊള്ളു.

വ്യാപാരസ്ഥലത്തുവെച്ചും, സ്വസ്ഥമായിരിക്കുന്ന അവസരങ്ങളിൽ അദ്ദേഹം ഭഗവന്നാമങ്ങൾ നിരന്തരം ജപിച്ചുകൊണ്ടിരുന്നു. മനുഷ്യൻെറ ആവശ്യങ്ങൾ നിവൎത്തിക്കുന്നതു് ഭഗവാനാണെന്നുള്ള തത്വം, ഭാനുദാസൻെറ ജീവിതകഥാത്രപേൺ ജനങ്ങൾക്ക് ഗ്രഹിക്കുന്നതിനിടയായി. "കല്പാന്തംവരേയും ഭാനുദാസൻ അസത്യം പറയുന്നതല്ല" എന്ന് അവൎക്ക് ബോദ്ധ്യമായി. ഭാനുദാസൻെറ നിർവ്യാജമായ വ്യാപാരത്തേയും സത്യസന്ധതയേയും അഭിനന്ദിച്ച് ക്രേതാക്കളായി വരുന്നവരെല്ലാം അദ്ദേഹത്തിൻെറ കടയിൽതന്നെ പതിവായി ചെന്നിരുന്നു. കപടഹൃദയന്മാരായ ഇതരവ്യാപാരികൾക്കാകട്ടെ, ഭാനുദാസൻെറ വിസ്മയാവഹമായ ഭാഗധേയവിശേഷത്തെ നോക്കി അത്ഭുതപ്പെടുകയല്ലാതെ തരമുണ്ടായിരുന്നില്ല. 'ഭാനുദാസന് തങ്ങളുടെഇടയിൽ ഒരു സ്ഥാനം കൊടുത്തതുതന്നെ ഉപദ്രവമായിത്തീൎന്നു' എന്ന് അവർ പിറുപിറുത്തുതുടങ്ങി.

ആ ദുരാചാരന്മാരുടെ മനസ്സിൽ അതിയായ ദ്വേഷം ഉണ്ടായി. അവരിൽ ഒരു വ്യാപാരി പറഞ്ഞു:—"അവൻ നമ്മുടെ സമീപത്തിരുന്നുകൊണ്ട് ചരക്കുവാങ്ങാൻവരുന്നവരെ തൻെറ അടുക്കലേക്കു ആകൎഷിച്ചു വരുത്തുന്നു. ഞങ്ങൾ അവൻെറ മുഖത്തു് സധൈര്യം നോക്കുന്നുവെങ്കിലും ഞങ്ങളുടെ മനസ്സ് വ്യൎത്ഥമായ കോപത്താൽ കലുഷമാകുന്നതേയുള്ളു."

മറെറാരു വ്യാപാരി:—"അയാളുടെ ക്ഷുദ്രപ്രയോഗത്താലായിരിക്കാം ജനങ്ങൾ വശീകൃതരായിത്തീരുന്നതു്. അവരാകട്ടെ, അയാൾ ചോദിക്കുന്ന വില കൊടുക്കുന്നു. അതിനെപററി ഒരുത്തനെങ്കിലും തക്കിക്കുക പോലും ചെയ്യുന്നില്ല."

അന്യൻ:—"അതല്ല; ജനങ്ങൾക്കു് അയാളെക്കുറിച്ചു് പൂർണ്ണവിശ്വാസം വന്നിട്ടുള്ളതുകൊണ്ടാണു് അവർ അയാൾക്കു് സഹായമായി നിൽക്കുന്നതു്. നമ്മളാകട്ടെ, അസത്യവാദികളും ലൗകികാശകൾക്കു് ദാസന്മാരുമാണു്. ഭഗവാനു് ഇതു് ഇഷ്ടമായി തോന്നുകയില്ല."

ഇതു കേട്ടപ്പോൾ, "എന്നാൽ നമുക്കും ഇനി സത്യമെ പറയാവൂ". എന്നു് അവരിൽ ഒരാൾ പറഞ്ഞു. ഇതിനു് ആദ്യത്തെ വ്യാപാരിയുടെ മറുപടി ഇപ്രകാരമായിരുന്നു:—"ഇനി നാം സത്യം പറഞ്ഞാലും നമ്മെ ആരും വിശ്വസിക്കുകയില്ല. ഒരുവൻെറ സ്വഭാവം ഒരിക്കൽ നിശ്ചിതമായാൽ പിന്നീടു് ജീവിതാവസാനംവരേയും അതിനെ മാററുവാൻ ആക്കും സാധിക്കുന്നതല്ല. ഇതിനു് പ്രത്യക്ഷദൃഷ്ടാന്തംതന്നെയാണല്ലോ ഭാനുദാസൻ. ഒരു ശ്വാവു് ഗൃഹത്തിൻെറ ഒരു ഭാഗത്തു് വൃഥാ കിടക്കുന്നു എന്നു് വിചാരിക്കുക. മനുഷ്യർ അകത്തു പ്രവേശിച്ചു് മധുരപദാത്ഥങ്ങൾ അപഹരിക്കുന്നതായാൽ തന്നെയും, വാസ്തവത്തിൽ മോഷണംനടത്തിയതാരെന്നറിയുന്നതിനുള്ള വിശേഷജ്ഞാനം ആക്കും ഇല്ലാത്തതിനാൽ അപവാദം ശ്വാവിൽതന്നെ സ്ഥാപിതമായിത്തീരുന്നു; വ്യാഘ്രം ശാന്തനായിക്കിടക്കുകയാണെന്നുവരികിലും ഇര ചാടിപ്പിടിക്കുന്നതിനു് തരംനോക്കിയിരിക്കയാണെന്നുതന്നെ സംശയിക്കപ്പെടുന്നു; അതുപോലെ, ധനലോഭിയായ ഒരുവൻ വാസ്തവത്തിൽ ഒരു യോഗിയായിത്തീന്നാലും ലോകരെ ചതിക്കാൻ പുറപ്പെട്ടിരിക്കയാണെന്നുമാത്രമെ എല്ലാവരും പറയുകയുള്ളു; ദുരാചാരനിരതനായ ഒരുവൻ തീത്ഥാടനംചെയ്യാൽ അതും സാമാഗ്ഗികമായിട്ടാണെന്നു് ലോകം വിശ്വസിക്കയില്ല; മാജ്ജാരൻ സ്വസ്ഥനായി ശയിച്ചാലും മൂഷികഗ്രഹണത്തിനു് മറഞ്ഞിരിക്കയാണെന്നേ തോന്നുകയുള്ളു. എന്നപോലെയാണു് നമ്മുടെ സംഗതിയിലും. നമ്മുടെ ജീവിതത്തിൽ ഏറിയഭാഗവും വ്യാജപ്രസ്താവനകൾകൊണ്ടുതന്നെ കഴിച്ചുകൂട്ടി. ഇതു് സകലക്കും അനുഭവബോദ്ധ്യവുമാണു്. ആ സ്ഥിതിക്കു് നാം ഇനി വിശ്വാസമായി പെരുമാറുന്നതായാൽ തന്നെയും ശുദ്ധ കാപട്യമെന്നല്ലാതെ ആരും പറയുകയില്ല. ഭാനുദാസൻ ഏററവും തുഛമായ ഒരു തുകകൊണ്ടാണല്ലോ കച്ചവടം തുടങ്ങിയതു്. ഇപ്പോഴാകട്ടെ, അയാൾ ഒരുവിധം ഐശ്വയ്യവാനായിത്തീന്നിരിക്കുന്നു. ഭഗവാൻ തന്നെയായിരുന്നു അയാളുടെ സഹകാരി. നാം എത്രതന്നെ ശ്രമിച്ചിട്ടും പൈദാഹശാന്തിക്കുള്ള ഉപകരണങ്ങൾ പോലും ആജ്ജിക്കുന്നതിനു് ശക്തരാകുന്നില്ല. കടക്കാർ ദിവസംപ്രതി

പടിക്കൽവന്നു് കാത്തിരിക്കുന്നു. നാം എന്താണു് ചെയ്യു? ഭാനുദാസനു് കച്ചവടത്തിനായി നമ്മുടെ അടുത്തു് എന്നു സ്ഥലം കൊടുത്തുവോ, അന്നു മുതൽ നാം നിർദ്ധനരായിത്തീൎന്നു. അയാൾ നമ്മുടെ ക്രേതാക്കളെയെല്ലാം സ്വാവശഗരാക്കിത്തീൎത്തു. നാം ഇതാ, ദുൎഗ്ഗതി പീഡിതരായും ഭവിച്ചിരിക്കുന്നു".

(തുടരും)

# ഗീതാതത്വം.

(൩൧൭-ാം പേജിൽനിന്നും തുടൎച്ച)

സ്വദേശത്തിനുവേണ്ടി ഭ്രാന്തനാകുകയാണെങ്കിൽ ആ ദേശസ്നേഹത്തിൽക്കൂടി അവനിൽ ആ ഏകത്വം പ്രകാശിക്കും. ജഡവിജ്ഞാനം, സംഗീതം, ശില്പം മുതലായി ഏതു വിഷയത്തിൽ ചൎച്ചചെയ്യുകയാണെങ്കിലും മനസ്സ് സമ്പൂൎണ്ണം സമൎപ്പിക്കുകയാണെങ്കിൽ അതുതന്നെ നിങ്ങളെ ആ ജ്ഞാനത്തിലേയ്ക്കു് നയിക്കും. ഇപ്രകാരമാണു് പരമഹംസദേവൻ പറയുന്നതു്. അത്യുത്കൃഷ്ടമായ സത്യം കേൾക്കാൻ എളുപ്പമാണെങ്കിലും പ്രവൃത്തിക്കാൻ വളരെ പ്രയാസംതന്നെ. എല്ലാ വിഷയങ്ങളിലും ഇപ്രകാരം തന്നെ കാണുന്നു. വളരെ എളുപ്പമായിട്ടുള്ളതും വളരെ പ്രയാസമുള്ളതുമാകുന്നു. കഴുത്തിൽ മാല കിടക്കുന്നു, എന്നിട്ടു് നാലുവശത്തും അന്വേഷിക്കുന്നു. ആത്മാവു് അത്യന്തം സമീപം. അതുകൊണ്ടു് കാണാൻ സാധിക്കുന്നില്ല. അതു് എന്റെ ഉള്ളിലെന്നു വിശ്വസിക്കുന്നില്ല. അദ്ദേഹത്തെ ദൎശിക്കുന്നതിനായിട്ടു് പൎവ്വതങ്ങളിലും മററനേക ദേശങ്ങളിലും ചുററി സഞ്ചരിച്ചു് ഉപവാസത്തോടുകൂടി അന്വേഷിച്ചു് വ്യാകുലപ്പെട്ടു് ഒടുവിൽ അദ്ദേഹം എന്റെ ഉള്ളിൽ തന്നെയാണെന്നു കാണുന്നു. മനുഷ്യന്റെ മനസ്സ് കപ്പലിന്റെ പായ്മരത്തിലെ പക്ഷിപോലെയാണെന്നു പരമഹംസദേവൻ പറയുന്നു. ഒരിക്കൽ ഒരു പക്ഷി ഒരു കപ്പലിന്റെ പായ്മരത്തിന്റെ മുകളിലിരുന്നിരുന്നു. കപ്പൽ സഞ്ചരിച്ചു് ക്രമേണ സമുദ്രമദ്ധ്യത്തിലെത്തി. പക്ഷിയും വളരെനേരമിരുന്നതുകൊണ്ടു് മുഷിഞ്ഞു് മറെറാരിടത്തു പോകുന്നതിനായി പറന്നു. എന്നാൽ നാലുവശത്തും വെള്ളം മാത്രം. പറന്നു പറന്നു് കരകാണാതെ ക്ഷീണിച്ചു് ഒടുവിൽ പായ്മരത്തെത്തന്നെ ആശ്രയിച്ചു. മനുഷ്യന്റെ മനസ്സും അതുപോലെ അനേകദിക്കുകളിൽ അസംഖ്യം വിഷയങ്ങളന്വേഷിച്ചു് ക്ഷീണിച്ചു് ഒടുവിൽ തന്റെ ഉള്ളിൽതന്നെ ആ ഏകത്തെക്കണ്ടു് നിശ്ചിന്തമാകുന്നു.

എല്ലായ്പോഴും എല്ലാവരുടേയും ഉള്ളിലിരിക്കുന്നുവെങ്കിലും ശുദ്ധബുദ്ധിയ്ക്കു് ആ ഏകജ്ഞാനം വളരെ അടുത്താണു്. ബദ്ധജീവികളുടെ ജഡബുദ്ധിയ്ക്കു് ഇതുലോം അകലെയുമാകുന്നു. ജ്ഞാനയോഗം അഭ്യസിക്കുക—

ജീവിതത്തിൽ പരിണമിപ്പിക്കുക—വളരെ പ്രയാസം. അത്യന്തം ശുദ്ധബുദ്ധി ഉള്ളവർക്കുമാത്രമേ അതു് സാധിക്കയുള്ളു. വിചാരംചെയ്തു് ഒരു വിഷയം ശരിയായിക്കണ്ടാൽ ഉടനടി അതു പ്രവൃത്തിയിൽ പരിണമിപ്പിക്കാൻ കഴിയുമെങ്കിൽ മാത്രമേ ജ്ഞാനസാധനയ്ക്കു് അധികാരിയാകയുള്ളു. വലിയ ആളാകണം, നാട്ടിൽ പ്രമാണിയാകണം എന്നെല്ലാം തോന്നുന്നു. എന്നാൽ ആലോചിച്ചുനോക്കുമ്പോൾ ഈ അല്പജീവിതത്തിൽ പേരും പുകഴും സമ്പാദിക്കുന്നതിനേക്കാൾ ഈശ്വരലാഭത്തിനു ശ്രമിക്കയാണു് ശരിയായിട്ടുള്ളതെന്നു കാണുന്നു. തുച്ഛമായ ധനമാനങ്ങൾക്കുവേണ്ടി പ്രയത്നിക്കുന്നതു് നിസ്സാരമെന്നു് മനസ്സിൽ ധരിപ്പാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങൾക്കു് ജ്ഞാനയോഗം സാദ്ധ്യമല്ല. നിങ്ങൾക്കു് മററു മാർഗ്ഗമാണു് വേണ്ടതു്. ജ്ഞാനയോഗമഭ്യസിക്കുന്നവൻെറ മനസ്സു് അവൻെറ പിടിയിൽ—അവൻെറ അധീനത്തിൽ ഇരിക്കണം. അവൻ ആജ്ഞാപിക്കുന്നതുപോലെ മനസ്സു പ്രവർത്തിക്കണം. യേശുഭഗവാൻ തൻെറ ആത്മശക്തിയേ വികസിപ്പിക്കുന്നതിനായി നാല്പതുദിവസം ഉപവസിച്ചു തപസ്സുചെയ്യുപ്പോൾ ചെയിത്താൻ അദ്ദേഹത്തെ പ്രലോഭിപ്പിക്കാനെത്തു് ധനംതരാം, രാജ്യം തരാം, മാനംതരാം, സുന്ദരിയായ സ്ത്രീയേത്തരാമെന്നെല്ലാം പറഞ്ഞു. അതിനു് ഉടൻതന്നെ അദ്ദേഹം മറുപടി പറഞ്ഞു, "Get thee hence, satan" ആശാപിശാചെ അകന്നുപോകുക! നമ്മുടെ ഉള്ളിലും ഇതുപോലെ അനവരതം വാസനകളുദിക്കുന്നു. അനേകജന്മങ്ങളിലെ വാസനകളെല്ലാം ഉയരുന്നു. സദുദ്ദേശത്തിനായി, ലോകമംഗളത്തിനായി എന്തെങ്കിലുമൊരു പ്രവൃത്തിചെയ്വാൻ പുറപ്പെടുമ്പോൾ, രക്തബീജൻെറ വംശത്തേപ്പോലെ ആശാസന്താനങ്ങൾ അസംഖ്യങ്ങളായി ഏകകാലത്തിൽ ഉണന്നു് അവനെ വ്യാകുലനാക്കുന്നു. ഇന്ദ്രിയനിഗ്രഹമുള്ളവൻ വാസനാബീജങ്ങളെ എല്ലാം കാണുന്നു. മനസ്സിൽനിന്നും അവയെ ആട്ടിപ്പായിക്കാൻ അവൻ സാധിക്കയും ചെയ്യുന്നു. എന്നാൽ, സംസ്കാരങ്ങൾ അതിവദൃഢതരങ്ങളാണെങ്കിൽ കേവലം വിചാരംകൊണ്ടുമാത്രം അവയെ അകററാൻ സാധിക്കയില്ല. ഈ തരക്കാർക്കു് മററു മാർഗ്ഗമാണു്. സംസ്കാരങ്ങൾ അല്പങ്ങളാണെങ്കിൽ വിചാരംകൊണ്ടു് മനസ്സിനെ ശരിപ്പെടുത്താം. ജ്ഞാനയോഗസാധകൻെറ വാസനകൾ പ്രബലങ്ങളായിരിക്കരുതു്. മനസ്സു് സ്വതേതന്നെ സ്വാധീനവും സുസ്ഥിരവുമായിരിക്കണം.

ശ്രീകൃഷ്ണഭഗവാൻെറ ജീവിതത്തിൽ മഹാജ്ഞാനിയുടെ ഭാവം അടിക്കടി കാണ്മാൻ കഴിയും. ജീവിതത്തിലെ അതി വിഷമഘട്ടങ്ങളിലും അദ്ദേഹത്തിൻെറ സ്ഥിരതയും ഗാംഭീര്യവും എത്ര അത്ഭുതം! പുഷ്പഫലശോഭിതമായ വൃന്ദാവനത്തിലും, ശത്രുക്കളാൽ ആവൃതമായ മഥുരയിലും, രാജാക്കന്മാരാൽ ബഹുമാനിക്കപ്പെട്ട ഹസ്തിനപുരിയിലും, രാഗദ്വേഷപരിപൂർണ്ണമായ സമരാങ്കണത്തിലും, പൂർവ്വസ്മരണ ഉണ്ടാക്കുന്ന പ്രഭാസ

ത്തിലും, തൻെറ വംശവിനാശമുണ്ടായസമയത്തും, ആ സ്ഥിരവും അചലവുമായ ഭാവംതന്നെ. യദുകുലത്തിൻെറ നാശം സംഭവിക്കുന്നതിനു മുൻപുതന്നെ കാൎയ്യകാരണങ്ങളുടെ പ്രവാഹഫലമായിട്ട് അതു് സംഭവിക്കുമെന്ന് അദ്ദേഹം കണ്ടിരുന്നു. ഇവരുടെ കൎമ്മംതന്നെ ഈ ഭീഷണമായ ഫലത്തെ ഉളവാക്കുന്നു! എത്രതന്നെ ശ്രമിച്ചിട്ടും അതിനെ തടുക്കുക സാദ്ധ്യമല്ലെന്നറിഞ്ഞപ്പോൾ മഹാജ്ഞാനിയായ ആ ഗീതാകൎത്താവ് മനസ്സുറപ്പോടുകൂടി തൻെറ വംശത്തിൻെറ വിനാശം കണ്ടു. തൻെറ സമക്ഷം നാശം നടക്കുന്നുവെങ്കിലും മനസ്സിളകാതെ അദ്ദേഹം മൌനമായിരുന്നു. ശ്രീമദ്വിവേകാനന്ദസ്വാമികൾ, ഗീതയിലെ ആശയത്തെ ഇപ്രകാരം നിൎവ്വചിച്ചിരിക്കുന്നു. Intense activity യുടെ ഉള്ളിൽ Intense rest, അവിരാമമായ പ്രവൃത്തിയിൽ അത്ഭുതമായ വിശ്രമം—യോഗിയുടെ അവിചലിതഭാവം. ഗീതയേസംബന്ധിച്ച് ശ്രീസ്വാമികൾക്ക് ഈ ഭാവത്തിലൊരു ചിത്രം വരയ്ക്കാൻ ആഗ്രഹം ഉണ്ടായിരുന്നു. ശ്രീകൃഷ്ണൻ സാരഥിവേഷത്തിൽ കുതിരയുടെ ലഗാൻപിടിച്ചുകൊണ്ട് സൈന്യമദ്ധ്യത്തിലേയ്ക്ക് രഥം നയിച്ചു. ഉടൻ, വിഷാദഗ്രസ്തനായ അൎജ്ജുനൻ യുദ്ധംചെയ്യുകയില്ലെന്നു പറഞ്ഞപ്പോൾ ഒരു കൈകൊണ്ട് ആ ഉത്തമാശ്വത്തെ മുറുകെപ്പിടിച്ചുകൊണ്ട് അൎജ്ജുനൻെറനേക്ക് മുഖംതിരിച്ചു; ശരീരംകൊണ്ട് കുതിരയേപ്പിടിക്കുകയെന്ന പ്രയാസമേറിയ ജോലിചെയ്യുന്നുണ്ടെങ്കിലും മനസ്സിൻെറ അനന്തമായ പ്രശാന്തഭാവംകൊണ്ട് യോഗിയുടെ പരിപൂൎണ്ണലക്ഷണം മുഖത്തു പ്രകാശിക്കുന്നു. ഭയങ്കരമായ കുരുക്ഷേത്രയുദ്ധത്തിലും അദ്ദേഹത്തിൻെറ മനസ്സിലെ അത്യാശ്ചൎയ്യമായ ആ പ്രശാന്തഭാവം ചിത്രീകരിക്കാൻ ശ്രീസ്വാമികൾക്ക് അതിയായ വാഞ്ഛയുണ്ടായിരുന്നു. ഈ സമയത്ത് എത്ര രാജാക്കന്മാരും മഹാരാജാക്കന്മാരും മരിക്കും, ജയപരാജയങ്ങൾ ഏതേതു പക്ഷത്തിലാണെന്നതൊന്നും നിശ്ചയമില്ല. സകലരും അസ്ഥിരർ, മതിമറന്നു ഭ്രമിച്ചു വശായവർ; എന്നാൽ, അദ്ദേഹമാകട്ടെ, സ്ഥിരനായി അചലനായി അന്യൻെറ മങ്ഗളത്തിനുവേണ്ടി ധൎമ്മസംസ്ഥാപനത്തിനുവേണ്ടി സകല പ്രവൃത്തികളും നടത്തുന്നു. അതേസമയത്തുതന്നെ യോഗത്തിലെ നിഗൂഢസംഗതികളെ ഉപദേശിക്കുന്നു. ഈ സ്ഥൈൎയ്യം ഓരോ മനുഷ്യനും പഠിക്കണം. പ്രവൃത്തിചെയ്യുമ്പോൾതന്നെ നമ്മുടെ ഉള്ളിൽ പ്രവൃത്തിയുടെ മത്തതയും വന്നുചേരുന്നു. ഇതാണ് ദോഷം. അപ്പോൾ നാം പ്രവൃത്തിയെനയിക്കാതെ പ്രവൃത്തി നമ്മേ നയിക്കുന്നു—ഇന്ദ്രിയങ്ങൾ നമ്മേ നയിക്കുന്നു. യജമാനൻ ഭൃത്യൻെറ പാദങ്ങളിൽ നമിക്കുന്നു. അഹങ്കരിക്കപ്പെട്ടവനായ ദാസൻ യജമാനനോട് യഥേഷ്ടം പെരുമാറുന്നു. അതുകൊണ്ട് ഈ ജീവിതായോധനത്തിൽ, കൎമ്മക്ഷേത്രത്തിൽ എല്ലായ്പ്പോഴും സ്ഥിരനായിരിക്കണം. ഇതുകൊണ്ടുതന്നെയാണ് ഗീതോപദേശം സന്യാസികൾക്കോ സംസാരികൾക്കോ മാത്രമല്ല എന്നു പറയപ്പെ

ട്ടിരിക്കുന്നതു്. അതു് സാർവ്വഭൗമികവും സാർവ്വകാലികവും സാർവ്വജനീനവുമാകുന്നു. ഇതുമൂലമത്രേ ഗീതയേ ഗീതോപനിഷത്തെന്നു പറയുന്നതു്. എന്തുകൊണ്ടെന്നാൽ, ഉപനിഷത്തിലെ ജ്ഞാനത്തിൻെറയും ഉപദേശത്തിൻെറയും വൈശിഷ്ട്യം അതിൻെറ സാർവ്വജനീനമായ ഉദാരതയാണു്: എല്ലാ പ്രകാരത്തിലുമുള്ള അധികാരികൾക്കും അതാതവസ്ഥകളിലൂടെ ഉപനിഷത്തിലെ ഋഷി ഇപ്രകാരം ഉൽഘോഷിച്ചിരിക്കുന്നു. ഹേ മനുഷ്യ! നീ അമൃതത്വത്തിന്നധികാരിയാണു്. അമൃതത്വമത്രേ നിൻെറ സ്വരൂപം. നീ ഭ്രമത്തിൽ പതിച്ചു് ആര്യനെന്നോ മ്ലേച്ഛനെന്നോ ബ്രാഹ്മണനെന്നോ ശൂദ്രനെന്നോ വിചാരിക്കയാണെങ്കിലും യാതൊന്നും നിന്നേ ബന്ധിക്കുകയില്ല. നീ സ്വതന്ത്രൻ, സ്വതന്ത്രൻ, നിത്യസ്വതന്ത്രൻ! ഈ ആശ്ചര്യമായ ഉദാരത ഗീതയിൽ കണ്ടിട്ടാണു് ഗീതാമാഹാത്മ്യകാരൻ സമസ്ത ഉപനിഷത്തുകളും മഥിച്ചു് ഗീത ഉത്ഭവിപ്പിച്ചിരിക്കുന്നു എന്നു് എഴുതിയിട്ടുള്ളതു്.

ജീവിതായോധനത്തിലെ ഈ മത്തതയ്ക്കുള്ളിൽ യോഗിയുടെ സ്ഥൈര്യം വരുത്തുകയാണു് വേണ്ടതു്. പ്രവൃത്തിചെയ്യുമ്പോൾ പ്രതിക്രിയയും വരുന്നു. അതിൽനിന്നു്—ആ പ്രതിക്രിയയിൽനിന്നു് രക്ഷപ്പെടുകയാണു് വേണ്ടതു്. എങ്കിൽ മാത്രമേ വലിയ പ്രവൃത്തികൾചെയ്യാൻ നിങ്ങളേക്കൊണ്ടു സാധിക്കയുള്ളു. എന്നാലെ നിങ്ങൾ യഥാർത്ഥമനുഷ്യരാകയുള്ളു. ഫലാകാംക്ഷാജനിതമായ ഈ മത്തത—ഈ കർമ്മമത്തത—എത്ര സമയം വിഷമയങ്ങളായ എന്തെല്ലാം ഫലങ്ങളെ ഉണ്ടാക്കുന്നു എന്നു് പ്രത്യേകം കാണിക്കേണ്ടതില്ലല്ലോ. വ്യവസായവാണിജ്യാദികളിൽ നഷ്ടം സംഭവിച്ചു് എത്ര ജനങ്ങൾ നൈരാശ്യസിന്ധുവിൽ മുഴുകുന്നു. കരകയറാൻ സാധിക്കുന്നില്ല. പാസാകാനുള്ള മത്തുപിടിച്ചു് എത്ര വിദ്യാർത്ഥികളാണു് ദീർഘരോഗികളായിത്തീർന്നിരിക്കുന്നതു്. എത്ര ശ്രമിച്ചിട്ടും പാസാകാൻ സാധിക്കാതെവരുമ്പോൾ വിദ്യാർത്ഥികളിൽ ചിലർ ആത്മഹത്യയും അഭിനയിക്കാറുണ്ടു്.

ഈ മത്തതയ്ക്കുപകരം സ്ഥിരത വരുത്താൻ എല്ലാവരും പഠിക്കേണ്ടതാണു്. വിശേഷിച്ചും സംസാരികൾ. എന്തെന്നാൽ, അവക്കു്, ലൌകികവും പാരമാർത്ഥികവുമായ സമസ്തവിഷയങ്ങളിലും ഉന്നതി ലഭിക്കാൻ ഏകമാർഗ്ഗം പ്രവൃത്തി ഒന്നുമാത്രമാകുന്നു. കർമ്മത്തിൽ ഈ സ്ഥിരതവരുത്താൻ കഴിഞ്ഞാൽ ഉദ്യമം അല്പംപോലും കുറയുകയില്ലെന്നുള്ളതു് ഗീതാകാരൻതന്നെ സ്വജീവിതത്തിൽ തികച്ചും പ്രമാണീകരിച്ചിരിക്കുന്നു.

# ശ്രീരാമാനുജചരിതം.

## അദ്ധ്യായം ൩.

### രാജകുമാരി.

ശ്രീരാമാനുജൻ ഈ കാലത്ത് സ്വഗൃഹത്തിൽ ഇരുന്ന് പഠിച്ചുവന്നു. അദ്ദേഹം മാതാവിനോടും മാതൃസഹോദരിയോടും യാദവപ്രകാശന്റെ കഥകളെ ധരിപ്പിച്ച് രണ്ടാളും അത് രഹസ്യമായി വച്ചുകൊള്ളണമെന്നു പറഞ്ഞു. താനും ഇത് മററ് ആരോടും വെളിപ്പെടുത്തിയുമില്ല. മൂന്നുമാസം കഴിഞ്ഞ് ശിഷ്യസമേതനായ യാദവപ്രകാശൻ കാഞ്ചീപുരത്തു വന്നുചേന്നു. ഗോവിന്ദനൊഴിച്ച് സകല ശിഷ്യന്മാരും അദ്ദേഹത്തോടുകൂടി വന്നു. ദീപ്തിമതിപുത്രനെക്കുറിച്ച് ചോദിച്ചതിൽ ഇപ്രകാരം അറിവാൻ ഇടയായി,— "വനാന്തരത്തിൽവച്ച് രാമാനുജനെ കാണാതായപ്പോൾ തീൎത്ഥയാത്രക്കാർ സങ്കടപ്പെട്ട് നേരെ കാശിയിലേയ്ക്കു നടന്നു. ഒടുവിൽ ചെന്നെത്തേണ്ട സ്ഥലത്ത് യാതൊരു തടസ്സവുംകൂടാതെ ചെന്ന് വിശ്വനാഥദൎശനംചെയ്ത് കൃതാൎത്ഥരായി. അവർ പതിനഞ്ചുദിവസം അവിടെ താമസിച്ചു. ഒരു ദിവസം അവിടെവച്ച് ഗംഗാസ്നാനത്തിന് പോയപ്പോൾ ഗോവിന്ദന് നദിയിൽനിന്ന് ഒരു മനോഹരമായ ബാണലിംഗം ലഭിച്ചു. യാദവപ്രകാശൻ അതുകണ്ട് ഗോവിന്ദനെ വളരെ സ്തുതിച്ചു പറഞ്ഞു,— "വത്സ! ഭഗവാൻ പാൎവ്വതീപതി നിന്നെക്കുറിച്ച് അത്യന്തം പ്രസന്നനായിരിക്കുന്നു. അദ്ദേഹം അനഘമായ ഈ ലിംഗരൂപത്തിൽ നിന്റെ ശുശ്രൂഷ സ്വീകരിക്കുന്നതിനുവേണ്ടി നിന്റെ അടുത്ത് തനിയേ വന്നിരിക്കുന്നു. നീ സൎവ്വാത്മനാ ഇതിനെ സേവിക്കുക, നിനക്കു ഭക്തിയും മുക്തിയും ലഭിക്കും." ഗുരുവിന്റെ വാക്കനുസരിച്ച് ഗോവിന്ദൻ അന്നു തുടങ്ങി ശിവപൂജയിൽ തല്പരനായി ഭവിച്ചു. ക്രമേണ ഭക്തി ദൃഢമായിട്ട് അവൻ കാളഹസ്തിയ്ക്കു സമീപംവന്ന് ഗുരുവിനെയും സതീൎത്ഥ്യന്മാരെയും വിളിച്ചു പറഞ്ഞു:— "ഞാൻ ജീവിതത്തിന്റെ അവശിഷ്ടകാലം ഉമാപതിയുടെ സേവയിൽ നയിക്കാൻ ആഗ്രഹിക്കുന്നു. ഈ സ്ഥാനം അത്യന്തം മനോഹരവും നിൎജ്ജനവുമാകുന്നു. ഇവിടെ ഇരുന്നുകൊണ്ട് ഞാൻ ഇഷ്ടദേവന്റെ ഉപാസന ചെയ്യുന്നുണ്ട്. നിങ്ങൾ ചെന്ന് എന്റെ മാതാവിനേയും മാതൃസഹോദരിയേയും ഈ വസ്തുത അറിയിക്കണം" ഇങ്ങനെ പറഞ്ഞ് ഗോവിന്ദൻ അവരോട് യാത്ര ചോദിച്ചുകൊണ്ട് അടുത്തുള്ള മംഗലഗ്രാമത്തിൽ ഒരു സ്ഥലം വിലയ്ക്കുവാങ്ങി അവിടെ തന്റെ ഇഷ്ടദേവനെ പ്രതിഷ്ഠിച്ച് അദ്ദേഹത്തിന്റെ സേവയിൽ ജീവിതവും മനസ്സുമൎപ്പിച്ച് ലൌകികമായ സകല ബന്ധത്തിൽനിന്നും വിമുക്തനായി.

പുത്രന്റെ ഈ ഭാഗ്യവൃത്താന്തം ശ്രവിച്ച് ദീപ്തിമതി ആനന്ദമഗ്നയായി. സാധാരണ സ്ത്രീകളെപ്പോലെ അവൾ പുത്രന്റെ യഥാൎത്ഥ മംഗളത്തിന് പ്രതികൂലമായിരുന്നില്ല. അവൾക്കും ഈശ്വരനിൽ ഉറച്ച ഭക്തിയുണ്ടായിരുന്നു. അവൾക്ക് പുത്രനെക്കുറിച്ച് യാതൊരു ക്ഷോഭവും ഉണ്ടായില്ലെന്നു മാത്രമല്ല, സൽപുത്രനെ പ്രസവിച്ചവളെന്നുള്ള ചാരിതാൎത്ഥ്യവും ഉണ്ടായിരുന്നു. അവൾ സോദരിയുടെ അനുമതിയോടുകൂടി മകനെക്കാണ്മാനായി മംഗലഗ്രാമത്തിലേയ്ക്കു പോയി, അവിടെ ചെന്ന് പുത്രന്റെ ഭഗവൽഭക്തി കണ്ടതിൽ അവൾക്കുണ്ടായ ആനന്ദം സീമാതീതമായിരുന്നു. അവളാകട്ടെ പുത്രനെ ആലിങ്ഗനംചെയ്ത് ആശീൎവദിച്ച് സോദരിയുടെ സന്നിധിയിൽ തിരിച്ചെത്തി.

യാദവപ്രകാശൻ വീണ്ടും അദ്ധ്യാപനമാരംഭിച്ചു. രാമാനുജനെക്കണ്ടിട്ട് അദ്ദേഹം ആദ്യം അല്പമൊന്നു ഭയപ്പെട്ടു; എന്നാൽ അദ്ദേഹത്തിന്റെ ദുരാലോചനയുടെകാൎയ്യം അവൻ ഏതുമറിഞ്ഞിട്ടില്ലെന്നു നിശ്ചയിച്ച് സന്തോഷം നടിച്ചുകൊണ്ട് അവന്റെ മാതാവു കേൾക്കെ അവനോടു പറഞ്ഞു:—"വത്സ! നീ ജീവിച്ചിരിക്കുന്നോ? ഇതിനേക്കാൾ ആനന്ദമായിട്ട് ഇനിക്കു വേറൊന്നുമില്ല; വിന്ധ്യാരണ്യത്തിൽ നിനക്കുവേണ്ടി ഞങ്ങളെത്ര കഷ്ടതയനുഭവിച്ചു, അതെല്ലാം ഇനിയെന്തോന്നു പറഞ്ഞറിയിക്കുന്നു". രാമാനുജൻ പാദം വന്ദിച്ചുകൊണ്ടു പറഞ്ഞു:—"സൎവ്വവും അവിടുത്തെ അനുഗ്രഹം".

യാതൊരുവൻ സകല മതങ്ങൾക്കും മീതെ സ്വമതം സ്ഥാപിക്കാൻ ശക്തനാകുന്നു, മററു സകല വിഷയങ്ങളിലും എത്രതന്നെ ഉന്നതനായാലും അവൻ സംകുചിതചിത്തനായിതീരും. യാദവപ്രകാശന് പല ഗുണങ്ങളുമുണ്ടായിരുന്നു. എന്നാൽ, അദ്വൈതപക്ഷമവലംബിച്ച് ഇതരമതങ്ങളുടെ സൌന്ദൎയ്യമാധുൎയ്യസൌകൎയ്യാദിവിഷയങ്ങളിൽ അദ്ദേഹം തുലോം അന്ധനായിരുന്നു. ഇപ്പോൾ രാമാനുജന്റെ വിനയസൌശീല്യങ്ങൾകണ്ടും തന്റെ രാക്ഷസീയമായ പ്രവൎത്തി സ്മരിച്ചും അദ്ദേഹം മനസ്സിൽ അത്യന്തം ലജ്ജിച്ചു. അനന്തരം സ്നേഹപൂൎവ്വം രാമാനുജനോടു പറഞ്ഞു. "വത്സ! ഇന്നുമുതല്ക്ക് എന്റെ അടുക്കൽവന്ന് പഠിച്ചുകൊൾക; ഈശ്വരൻ നിനക്കു മംഗളംചെയ്യട്ടെ". ആ ദിവസം മുതൽ രാമാനുജൻ വീണ്ടും പഠിക്കുന്നതിനായിട്ട് യാദവമണ്ഡപത്തിൽ പോയിത്തുടങ്ങി.

ഇതിന് അല്പദിവസം പിന്നീട് വൃദ്ധനായ ആളവന്താർ കാഞ്ചിപുരത്തുള്ള ശ്രീ വരദരാജനെ ദൎശിക്കാനിച്ഛിച്ച് ബഹുശിഷ്യപരിവൃതനായിട്ട് അവിടെ വന്നു. ഒരിക്കൽ ഹസ്തിഗിരിപതിയായ വരദരാജനെ ദൎശനം ചെയ്തു തിരിച്ചുവരുമ്പോൾ മഹാത്മാവായ ആളവന്താർ, രാമാനുജന്റെ തോളിൽ കൈവച്ചുകൊണ്ട് മററു ശിഷ്യന്മാരോടുകൂടി അദ്വൈതകേസരി

യായ യാദവപ്രകാശൻ വരുന്നതുകണ്ടു. വൃദ്ധനായ യാമുനാചാര്യ്യൻ രാമാനുജന്റെ സാത്വികതേജസ്സും, അപാരമായ സൌന്ദര്യ്യവും പ്രതിഭാവിലാസം പ്രദ്യോതിക്കുന്ന മുഖമണ്ഡലവുംകണ്ട് ആകൎഷിക്കപ്പെട്ടുകയും അവനെപ്പററി ചോദിച്ചതിൽ "സത്യം ജ്ഞാനമനന്തം ബ്രഹ്മ" എന്ന മന്ത്രത്തിന്റെ ഭക്തിപ്രധാനമായ വിസ്തൃതവ്യാഖ്യാനം രചിച്ച യുവാവാണെന്നു മനസ്സിലാക്കുകയുംചെയ്തു. ഇതുനിമിത്തം അദ്ദേഹത്തിനു് അതിരില്ലാത്തആനന്ദമുണ്ടായി. എന്നാൽ ശുഷ്കതാൎക്കികനായ യാദവന്റെ സഹവാസത്തിൽ അവനിരിക്കുന്നതുകണ്ടു് അദ്ദേഹത്തിനു് അല്പമൊരാശങ്കയുണ്ടായിട്ട് ശ്രീ വരദരാജസന്നിധിയിൽ ഇപ്രകാരം പ്രാൎത്ഥിച്ചു.

"യസ്യ പ്രസാദകലയാ ബധിരഃശൃണോതി
പങ്ഗുഃ പ്രധാവതിജവേന ച വക്തിമൂകഃ
അന്ധഃപ്രപശ്യതി സുതംലഭതേ ച വന്ധ്യാ
തം ദേവമേവവരദം ശരണംഗതോസ്മി.

ലക്ഷ്മീശ! പുണ്ഡരീകാക്ഷ!
കൃപാം രാമാനുജേ തവ
നിധായ സ്വാമതേ നാഥ
പ്രവിഷ്ടം കൎത്തുമൎഹസി. (പ്രപന്നാമൃതം)

യാവനൊരുത്തന്റെ അനുഗ്രഹവിശേഷത്താൽ, ബധിരൻ ശ്രവിപ്പാൻ ശക്തനാകുന്നു, പങ്ഗു വേഗത്തിൽ ഓട്ടുവാൻ സമൎത്ഥനാകുന്നു, മൂകൻ സംസാരിക്കുന്നു, അന്ധനു കാഴ്ച ലഭിക്കുന്നു, വന്ധ്യ പുത്രനെ ലഭിക്കുന്നു, ആ ദേവദേവനായ വരദരാജനെ ഞാൻ ശരണംപ്രാപിക്കുന്നു. ഹേ നളിനനയന! ശ്രീപതേ! രാമാനുജനിൽ അങ്ങ് കൃപചെയ്തു് അവനെ സ്വാമതത്തിലേയ്ക്കു് ആനയിച്ചാലും".

യാമുനാചാര്യ്യൻ, വിഷ്ണുഭക്തിയുടെ ഹൃദയാഹ്ലാദപ്രദമായ കോമളവിഗ്രഹം വിഷ്ണുഭക്തിശൂന്യനും ശുഷ്കഹൃദയനുമായ യാദവപ്രകാശന്റെ പാൎശ്വത്തിൽ നില്ക്കുന്നതുകണ്ടിട്ടു് ഇളകോം നടുങ്ങി. രാമാനുജനോടു സംഭാഷണംചെയ്വാൻ അദ്ദേഹത്തിനു് അതിവാഞ്ഛയുണ്ടായിരുന്നെങ്കിലും തേനും വിഷവുംകൂടി കലൎന്ന ഭക്ഷണസാധനംപോലെ വളരെ വെറുപ്പോടുകൂടി അതിനെ ഉപേക്ഷിക്കാൻ നിൎബന്ധിതനായി. ഈശ്വരൻ സൌകൎയ്യം തരുമെങ്കിൽ വേറാരുമില്ലാത്തപ്പോൾ അവനെ കണ്ടുകൊള്ളാമെന്നു് മനസ്സിനെ സമാധാനപ്പെടുത്തി, ഭക്തിരസൈകപരായണനും ജ്ഞാനവൃദ്ധനും, ശതാധികവയസ്കനും വൈഷ്ണവചൂഡാമണിയുമായ ആളവന്താർ ശ്രീരങ്ഗത്തേയ്ക്കു തിരിച്ചുപോയി.

വേദാന്തംകൂടാതെ മന്ത്രശാസ്ത്രത്തിലും യാദവാചാര്യ്യൻ അതിവിദഗ്ദ്ധനായിരുന്നു. ഭൂതാവേശമുള്ളവരെ അദ്ദേഹത്തിന്റെ അടുത്തു കൊണ്ടു

വന്നാൽ അദ്ദേഹം മന്ത്രശക്തികൊണ്ട് അവരെ സുഖപ്പെടുത്തിവന്നു. ഇതുനിമിത്തം അദ്ദേഹത്തിന്റെ ഖ്യാതി വളരെ ദൂരം വ്യാപിച്ചു.

ഒരിക്കൽ കാഞ്ചീപുരത്തെ രാജകുമാരിയ്ക്കു് ബ്രഹ്മരാക്ഷസപീഡയുണ്ടായപ്പോൾ പല ദിക്കുകളിൽനിന്നും വിഖ്യാതന്മാരായ മന്ത്രവാദികളെ വരുത്തി. എന്നാൽ, കുമാരിയ്ക്കു് സ്വാസ്ഥ്യമുണ്ടാക്കാൻ ആരും സമർത്ഥരായില്ല. പിന്നീട് ബഹുമാനപുരസ്സരം വേദാന്താചാര്യനായ യാദവപ്രകാശനെ വരുത്തി. ബ്രഹ്മരാക്ഷസഗ്രസ്തയായ രാജകുമാരി യാദവപ്രകാശനെ കണ്ട ഉടനെ ഉച്ചത്തിൽ ചിരിച്ചുകൊണ്ട് പറഞ്ഞു,—"ഹേ യാദവ! ഇവിടെ നിന്റെ മന്ത്രമൊന്നും ഫലിക്കയില്ല, വെറുതേ എന്തിനു ബുദ്ധിമുട്ടുന്നു, ഗൃഹത്തിലേയ്ക്കു തിരിച്ചു പൊയ്ക്കൊൾക". യാദവപ്രകാശൻ ഇതിനു ചെവികൊടുക്കാതെ ഒരു യാമകാലം പലവിധ മന്ത്രങ്ങളുച്ചരിച്ചിട്ടും ഒരു പ്രയോജനവുമുണ്ടായില്ല. ഇതുനിമിത്തം ബ്രഹ്മരാക്ഷസൻ അവനോടു പറഞ്ഞു, "വെറുതേ എന്തിനു കഷ്ടപ്പെടുന്നു? നീ എന്നെക്കാൾ ബലഹീനനാണ്, വിശേഷിച്ച് എന്നെ ഒഴിക്കാൻ എല്ലാപ്രകാരത്തിലും നീ അശക്തനാണ്. എന്നാൽ, സുഖസ്പർശ്യയും സുന്ദരിയുമായ ഈ രാജകുമാരിയുടെ ദേഹത്തിൽനിന്ന് നിശ്ചയമായും ഞാൻ വിട്ടുമാറണമെന്ന് നിനക്ക് അഭിപ്രായമുണ്ടെങ്കിൽ, നിന്റെ ശിഷ്യരുടെ കൂട്ടത്തിൽ എല്ലാവരെക്കാളും പ്രായംകുറഞ്ഞവനും ആജാനുബാഹുവും വിസ്തൃതലലാടനും ദീർഘലോചനനും പ്രതിഭാദേവിയുടെ നൃത്തരംഗവും, യൌവനാരാമത്തിലെ ഉൽകൃഷ്ടകുസുമവും, സ്വഭാവമാധുര്യത്തിന് ഏകാന്തനിലയവുമായ ആ രാമാനുജനെ ഇവിടെ വരുത്തുക. മേഘച്ഛന്നമായ അമാവാസിനാളിലെ നിബിഡമായ അന്ധകാരം സൂര്യോദയത്താൽ അപസൃതമാകുന്നതുപോലെ ആ മഹാനുഭാവന്റെ ദർശനത്തിൽ ഞാനും വിട്ടുമാറാം; അല്ലെങ്കിലില്ല".

യാദവന്റെ നിയോഗത്താൽ അപ്പോൾതന്നെ രാമാനുജൻ അവിടെ ആനയിക്കപ്പെട്ടു. അദ്ദേഹം ബ്രഹ്മരാക്ഷസനെ രാജകുമാരിയുടെ ദേഹത്തിൽനിന്നു വിട്ടുമാറാൻ പറഞ്ഞപ്പോൾ അവൻ പറഞ്ഞു, "ഭവാൻ കൃപ ചെയ്ത് എന്റെ ശിരസ്സിൽ അവിടുത്തെ ദിവ്യചരണങ്ങളർപ്പിച്ചില്ലെങ്കിൽ ഞാൻ മാറുകയില്ല. അധീനന്റെ ഈ അഭിലാഷം നിറവേററിയാലും" ഗുരുവിന്റെ ആദേശത്താൽ രാമാനുജൻ രാജകുമാരിയുടെ ശിരസ്സിൽ തന്റെ പാദങ്ങൾ വെച്ചുകൊണ്ട് പറഞ്ഞു, "ഉടനേ രാജകുമാരിയെ വിട്ടുപോകുകയും പോകുന്നതിന്റെ ലക്ഷണമായിട്ട് എന്തെങ്കിലും ദൃഷ്ടാന്തം കാണിക്കയും വേണം." ബ്രഹ്മരാക്ഷസൻ പറഞ്ഞു, "ഇതാ ഞാൻ വിട്ടുപോകുന്നു. ദൃഷ്ടാന്തമായിട്ട് അടുത്തുള്ള ഈ അശ്വത്ഥത്തിന്റെ വലിയ ശാഖ ഒടിച്ചിട്ട് പോകുന്നു."

എല്ലാവരും കാൺകെ മടമടാ ശബ്ദത്തോടുകൂടി അശ്വത്ഥവൃക്ഷത്തിന്റെ വലിയ ശാഖ ഒടിഞ്ഞുവീണു. രാജകുമാരിയാകട്ടെ ഉറക്കമുണർന്നവ

രേപ്പോലെ അങ്ങുമിങ്ങും നോക്കിത്തുടങ്ങി. പിന്നീട് നല്ലവണ്ണം ബോധമുണ്ടായിട്ട് തന്റെ സ്ഥിതികളെക്കുറിച്ച് ചിലതെല്ലാം അറിഞ്ഞപ്പോൾ ലജ്ജിച്ചു മുഖം താഴ്ത്തിക്കൊണ്ട് ദാസികളോടുകൂടി അകത്തേയ്ക്കു പോയി.

കാഞ്ചിരാജാവ് മകളുടെ ആരോഗ്യവർത്തമാനം കേട്ട് അതിവേഗത്തിൽ വന്ന് യാദവസനാഥനായ രാമാനുജന്റെ പാദങ്ങളെ വന്ദിച്ചുകൊണ്ട് അത്യന്തം കൃതജ്ഞത പ്രകാശിപ്പിച്ചു. അന്നുമുതൽ ശ്രീ രാമാനുജന്റെ നാമധേയം ചോളരാജ്യത്തിലെങ്ങും വിഖ്യാതമായി.

മുൻപറഞ്ഞ ഭൂതാവിഷ്ടരുടെകാര്യം കേവലം രാമാനുജചരിത്രത്തിൽ മാത്രം അദ്ഭുതമായിട്ടു കാണുകയല്ല. യേശുവിന്റെ ജീവചരിത്രം വായിച്ചാലും ഇതിന് അനുരൂപമായ പല സംഭവങ്ങളും നമുക്കറിവാൻ കഴിയും. ഭാരതത്തിൽ പലയിടങ്ങളിലും ഇപ്പോഴും ഓരോ സ്ത്രീകൾ ഭൂതഗ്രസ്തകളാകുന്നതായി കേൾക്കാറുണ്ട്. പാശ്ചാത്യവൈജ്ഞാനികന്മാർ ഈ വിധത്തിലുള്ളവരെ "ഹിസ്റ്റീറിയ" ബാധിച്ചവരെന്നു പറഞ്ഞുവരുന്നു. ഇതിനുള്ള കാരണം സ്നായുക്കളുടെ ശക്തിക്കുറവാകുന്നു. സ്വഭാവത്തിന്റെ മാർദ്ദവം നിമിത്തം സ്ത്രീവർഗ്ഗത്തിന് സ്നായുദൌർബല്യം അധികമായിരിക്കുന്നു. ഇതുമൂലം അവർതന്നെ മിക്കവാറും "ഹിസ്റ്റീറിയാ"രോഗത്തിനധീനമാകുന്നു. മുമ്പറഞ്ഞ വൈജ്ഞാനികന്മാരുടെ സിദ്ധാന്തം ഇപ്രകാരംതന്നെ. മനുഷ്യർക്ക് മനുഷ്യത്വം നൾകുന്നത് സ്നായുക്കളാകുന്നു. സ്നായുക്കളുടെ സബലമോ ദുർബ്ബലമോ ആയ സ്ഥിതിയിൽ മനുഷ്യനും ബലവാനും ബലഹീനനുമാകുന്നു. ഈ രീതിയനുസരിച്ച് സ്നായുവിന്റെ നാശത്തിൽ മനുഷ്യർക്കും നാശമുണ്ടാകുന്നു എന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ രാജ്യത്തുള്ള ചാർവ്വാകപക്ഷക്കാരും വളരെക്കാലംമുമ്പ് സയൻസുകാരേപ്പോലെ മുൻപറഞ്ഞ അഭിപ്രായക്കാരായിരുന്നു. എന്നാൽ അത് തെററായ ധാരണയാണെന്നുള്ളത്, ആത്മനിത്യത്വവാദികൾ എല്ലാവരും സ്വീകരിക്കും. ആത്മാവ് ദേഹത്തെ രക്ഷിക്കുന്നു, ദേഹം ആത്മാവിനെ രക്ഷിക്കുന്നില്ല. കാരണം, ആത്മസത്തയിൽ ദേഹത്തിന് സജീവത്വവും നിർജ്ജീവത്വവും ഉണ്ടാകുന്നു. ഇത് സർവ്വലോകപ്രത്യക്ഷമാകുന്നു. അതിനാൽ ആത്മാവ്— അഥവാ മനുഷ്യൻ ദേഹത്തിനധീനനാകുന്നില്ല, ദേഹം മനുഷ്യന് അധീനമാകുന്നു. മനുഷ്യൻ ദേഹത്തെ ആശ്രയിച്ച് ലോകത്തിലുള്ള സുഖദുഃഖങ്ങളനുഭവിക്കുന്നു. ഇച്ഛാമയനായ ആത്മാവ് എല്ലായ്പോഴും ദേഹത്തിന്റെ സഹായത്താൽ സുഖാനുഭവത്തിനുവേണ്ടി വ്യാപൃതമായിരിക്കുന്നു. ഈ ആത്മാവ് സ്ഥൂലശരീരത്തോടുകൂടുമ്പോൾ മനുഷ്യ, പശു, പക്ഷി, കീട, പതംഗാദിരൂപത്തിൽ വിരാജിക്കുന്നു. സ്ഥൂലദേഹത്തോടു വേർപെട്ടാൽ ദേവൻ, ഉപദേവൻ, ബ്രഹ്മരാക്ഷസൻ, ഭൂതപ്രേതങ്ങളിത്യാദി രൂപങ്ങളെ ധരിക്കുന്നു. എന്നാൽ ഈ ഒടുവിൽ പറഞ്ഞവ സൂക്ഷ്മങ്ങളായതുകൊണ്ട്

ഇന്ദ്രിയഗോചരങ്ങളല്ല. ഏതൊന്ന് ഇന്ദ്രിയഗ്രാഹ്യമല്ലയോ അതു് ഇല്ലയെന്നുപറയുന്നതു് ഭ്രാന്തന്മാരുടെ സിദ്ധാന്തമാകുന്നു. സൂക്ഷ്മശരീരത്തിന്റെ അസ്തിത്വം സ്വീകരിക്കാതിരിക്കുന്നതും ഭ്രാന്തുതന്നെ. സാംഖ്യകാരികാകാരനായ മഹാത്മാ ഈശ്വരകൃഷ്ണൻ ഇതിനെക്കുറിച്ച് വളരെ ഭംഗിയായിട്ടുചർച്ചചെയ്തിരിക്കുന്നു. അദ്ദേഹം പറയുന്നു:—

"അതിദൂരാൽ സാമീപ്യാദിന്ദ്രിയഘാതാന്മനോനവസ്ഥാനാൽ
സൌക്ഷ്മ്യാൽ വ്യവധാനാൽ അഭിഭവാൽ സമാനാഭിഹാരാച്ച.
സൌക്ഷ്മ്യാൽ തദനുപലബ്ധിർന്നാഭാവാൽ കാര്യതസ്തദുപലബ്ധേ."

"ഏതൊന്ന് ഇന്ദ്രിയഗ്രാഹ്യമല്ല, അതു് ഇല്ലെന്നു പറഞ്ഞുകൂടാ, എന്തെന്നാൽ, വളരെ അകലെ ഇരുന്നാലും, വളരെ അടുത്തിരുന്നാലും, ഇന്ദ്രിയം വികലമായാലും, മനസ്സുചേരാതിരുന്നാലും വായുവിനേപ്പോലെ സൂക്ഷ്മമായാലും, മററു വസ്തുക്കളുടെ മറവിരുന്നാലും, സൂര്യപ്രകാശത്തിൽ ഗ്രഹനക്ഷത്രാദികളേപ്പോലെ ഇതരവസ്തുക്കളാൽ അഭിഭൂതമായാലും, ജലത്തിൽ ജലം ചേരുന്നതുപോലെ തുല്യരൂപംപ്രാപിച്ചാലും, അഥവാ കേവലം അതിസൂക്ഷ്മമായ യോഗിയുടെ ബുദ്ധിക്ക് ഗോചരമായാലും, സാധാരണ മനുഷ്യന് പഞ്ചേന്ദ്രിയങ്ങൾമാർഗ്ഗമായി അറിയപ്പെടുന്ന വസ്തുവിനെയും അറിവാൻ കഴിയുകയില്ല. ഇല്ലാതെയുമില്ല. കാരണം, കാര്യംകൊണ്ട് അതിന്റെ അസ്തിത്വം അനുമാനിക്കപ്പെടുന്നു."

സൂക്ഷ്മശരീരം സത്വപ്രധാനമായാൽ ദേവശരീരമായും, രജഃപ്രധാനമായാൽ ഉപദേവാദികളുടെ ശരീരമായും, തമഃപ്രധാനമായാൽ ബ്രഹ്മരാക്ഷസൻ, ഭൂതപ്രേതങ്ങൾ എന്നിവയുടെ രൂപമായും പരിണമിക്കുന്നു. സൂക്ഷ്മശരീരികൾക്ക് സ്ഥൂലശരീരത്തിൽ പ്രവേശിക്കാൻ കഴിയും. ഇതുകൊണ്ട്, സാത്വികനായ മനുഷ്യനിൽ ദേവന്മാരുടെയും, രാജസനായ മനുഷ്യനിൽ ഉപദേവന്മാരുടെയും, തമസ്സ്വഭാവമുള്ളവരിൽ ഭൂതപ്രേതാദികളുടെയും ആവേശം സംഭവിക്കുന്നു.

ഈ സംഭവത്തിനുശേഷം യാദവപ്രകാശൻ മുൻപോലെ അദ്ധ്യാപനംനടത്തിവന്നു. നിത്യവും രാമാനുജപ്രഭൃതികളായ ശിഷ്യന്മാർ അദ്ദേഹത്തിനു ചുററുമിരുന്ന് അദ്ദേഹത്തിന്റെ സൂക്ഷ്മമായ ശാസ്ത്രവ്യാഖ്യാനം ശ്രവിച്ച് ആനന്ദിച്ചിരുന്നു. ഒരിക്കൽ "സർവ്വം ഖല്വിദംബ്രഹ്മ" (ഛാന്ദോഗ്യം) "നേഹനാനാസ്തികിഞ്ചന" (കഠം) എന്നീ മന്ത്രാംശങ്ങളുടെ വ്യാഖ്യാനസമയത്തു് യാദവൻ അതിസുന്ദരമായും, അതിയായ വാഗ്വിലാസത്തോടുകൂടിയും ആത്മാവിന്റെയും ബ്രഹ്മത്തിന്റെയും ഐക്യത്തെ പ്രതിപാദിച്ചു. അദ്ദേഹത്തിന്റെ വ്യാഖ്യാനകൌശലത്താൽ രാമാനുജനൊഴിച്ചു സകല ശിഷ്യന്മാരും മോഹിച്ചുപോയി. പാഠമവസാനിച്ചപ്പോൾ രാമാനുജൻ മന്ത്രാംശങ്ങളേസംബന്ധിച്ച് താൻ ചിന്തിച്ചതിനെ ഇല്ലാ

കാരം വെളിപ്പെട്ടത്തി—പിന്നീട് വരുന്ന "തജ്ജലാൻ" എന്ന മന്ത്രാംശം "സർവ്വം ഖല്വിദംബ്രഹ്മ" എന്ന മന്ത്രത്തെ വിശേഷിപ്പിച്ചില്ലെങ്കിൽ, അതിൻെറ അർത്ഥം നിഖിലജഗത്തുംബ്രഹ്മസ്വരൂപമെന്നാകുമായിരുന്നു. ഈ ജഗത്തു് ബ്രഹ്മത്തിൽനിന്നുണ്ടായി, ബ്രഹ്മത്താൽ ജീവിക്കപ്പെടുന്നു, ബ്രഹ്മത്തിൽതന്നെ ലയം പ്രാപിക്കുന്നു, അതുകൊണ്ടു് ഇതിനെ നിശ്ചയമായും ബ്രഹ്മമെന്നുപറയാൻ കഴിയും. മത്സ്യം ജലത്തിൽനിന്നുണ്ടാകുന്നു, ജലത്താൽ ജീവധാരണംചെയ്യുന്നു, ജലത്തിൽതന്നെ ലയിക്കയുംചെയ്യുന്നു. അതിനാൽ അതിനെ ജലമയമെന്നു പറയാൻ കഴിയും. എന്നാൽ, എപ്രകാരം മത്സ്യം ഒരിക്കലും ജലമാകുന്നില്ല, അതുപോലെ ജഗത്തും ഒരു കാലത്തും ബ്രഹ്മമാകയില്ല. 'നേഹനാനാസ്തികിഞ്ചന' ഇതിൻെറ താല്പര്യം ഒന്നിലധികം വസ്തുക്കളില്ലെന്നല്ല, എന്നാൽ, ഈ പ്രപഞ്ചത്തിൽ യാതൊരു വസ്തുക്കളും വെവ്വേറായിരിക്കുന്നില്ല, മണികൾ എപ്രകാരം ഒരു ചരടിൽ കോർത്തിട്ടു് ഒരു മാലയായിത്തീരുന്നു, അതുപോലെ ഭിന്നങ്ങളായ വസ്തുക്കൾ ഒരേ ബ്രഹ്മസൂത്രത്തിൽ ആബദ്ധമായിട്ടു് ജഗദാകാരത്തിൽ പരിണമിച്ചിരിക്കുന്നു. പലതു് ഒന്നിൽചേൎന്നു് ഏകാകാരമായിരിക്കുന്നുവെന്നു മാത്രം. ഇതുനിമിത്തം ബഹുത്വത്തിനു യാതൊരു ഹാനിയുമുണ്ടാകുന്നില്ല.

ഈ വ്യാഖ്യാനംകേട്ടു് യാദവപ്രകാശൻ ഇതിൽപരമില്ലാത്ത വെറപ്പോടുകൂടി രാമാനുജനോടു പറഞ്ഞു:—"എൻെറ വ്യാഖ്യാനം രുചിക്കുന്നില്ലെങ്കിൽ ഇനിയും എൻെറ അടുക്കൽ വരരുതു്" രാമാനുജനാകട്ടെ ഈ വാക്കുകേട്ടു് "അവിടത്തെ അനുവാദംപോലെ" എന്നു പറഞ്ഞു വിനയപൂർവ്വം ഗുരുചരണങ്ങളെ വണങ്ങി. അന്നുമുതൽ രാമാനുജൻ യാദവഗൃഹത്തിൽ പോകാതെയായി.

—:o:—

## ശ്രീരാമകൃഷ്ണ ലീലാപ്രസംഗം.

**ഭഗവാൻെറ വിവാഹത്തിനുശേഷമുള്ള അവസ്ഥ; ഇതുകണ്ടു് മഥുരനാഥൻ ക്രമേണ ഭഗവാനിലേയ്ക്കു് ആകൎഷിക്കപ്പെടുന്നു. മററുള്ളവൎക്കു് ഭഗവാനെപ്പററിയുണ്ടായിരുന്ന അഭിപ്രായം.**

ആ സമയം ഭഗവാൻ പൂൎണ്ണയൌവനത്തിൽ പ്രവേശിച്ചുകഴിഞ്ഞു. വിവാഹാനന്തരം ദക്ഷിണേശ്വരത്തു മടങ്ങിവന്നു് ശ്രീ ശ്രീജഗന്മാതാവിൻെറ പൂജകനായിത്തീൎന്നു. വീണ്ടും ഈശ്വരപ്രേമത്താൽ ഭ്രാന്തനെപ്പോലെയായിത്തീൎന്നു. ഈശ്വരദൎശനം ലഭിച്ചില്ലല്ലൊ എന്നു പറഞ്ഞു് ചിലപ്പോൾ ഭൂമിയിൽ കിടന്നു പിടഞ്ഞു് അമ്മാ! അമ്മാ! എന്നു കരയുന്നതു കണ്ടു് ആളുകൾ കൂട്ടംകൂടി വ്യസനത്തോടെ ഇപ്രകാരം പറയും "ഹോ!

ഇദ്ദേഹത്തിന് എന്തോ ഒരു വലിയ രോഗം പിടിപെട്ടിട്ടുണ്ട്; നിശ്ചയം; വയററിൽവേദനകൊണ്ട് ഇങ്ങനെ ഒരു മനുഷ്യന് അസ്ഥിരത പററിയേക്കാം" ചിലപ്പോൾ പൂജചെയ്തുകൊണ്ടിരിക്കുമ്പോൾ പുഷ്പങ്ങളെല്ലാം തന്റെ തലയിൽ തന്നെ കമഴ്ത്തിയിട്ട് നിശ്ചലനായിരിക്കും. ചിലപ്പോൾ വംഗദേശത്തുണ്ടായിരുന്ന സാധകഭക്തന്മാരുടെ 'പദാവലി'കളെ ഉന്മത്തനെപ്പോലെ കുറേനേരം പാടിക്കൊണ്ടിരിക്കും. എന്നാൽ മനസ്സ് സാധാരണഭാവത്തിൽ ഇരിക്കുമ്പോൾ ഈ ഭഗവൽപ്രേമോന്മാദം ഉണ്ടാകുന്നതിനുമുൻപ് ഏതുപ്രകാരമിരുന്നുവോ അതുപോലെ ഓരോരുത്തരോടും ഉചിതമായ രീതിയിൽ പെരുമാറുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ ജഗന്മാതാവിന്റെ ധ്യാനസമയത്ത് ഇപ്രകാരമുള്ള ആവേശംവന്നാൽ ആർ എന്തു പറഞ്ഞാലും കേൾക്കുകയോ ഉത്തരം നല്കുകയോ ചെയ്കയില്ല. എങ്കിലും അപ്പോഴും ആ ദേവസ്വഭാവത്തിന്റെ മാധുര്യം പലപ്പോഴും വളരെപ്പേർക്ക് പരിചയമായിട്ടുണ്ട്. "ജഗന്മാതാവിന്റെ നാമം അല്പം കീർത്തനംചെയ്തു കേൾപ്പിക്കുമോ" എന്ന് ആരെങ്കിലും ചോദിച്ചാൽ ഉടൻതന്നെ അവരുടെ പ്രീതിക്കായി മധുരസ്വരത്തിൽ ഗാനം ചെയ്യും. ഗാനത്തിന്റെ ഗംഭീരമായ ഭാവത്തിൽ താനും ക്രമേണ മത്തനായി ബാഹ്യബോധംവെടിയുന്നു.

ഇതിനുമുൻപിൽതന്നെ കാളീമന്ദിരത്തിലെ ഹീനബുദ്ധികളായ പൂജക്കാരും ജോലിക്കാരും ഖജാൻജിയും ഭഗവാന്റെ അനാചാരങ്ങളെപ്പററി ഓരോന്നെല്ലാം രാസ്മണിയോടും മഥുരബാബുവിനോടും പറഞ്ഞു കേൾപ്പിച്ചിട്ടുണ്ടായിരുന്നു. പറഞ്ഞു കേൾപ്പിച്ചിട്ടും ഒരു ഫലവും സിദ്ധിച്ചില്ല. മഥുരബാബു തന്നത്താനെ ആർക്കും അറിവുകൊടുക്കാതെ ഇടക്കിടെ പെട്ടെന്നു ക്ഷേത്രത്തിൽ കടന്നുചെന്നു ഇടയിൽ ഒളിച്ചുനിന്നു ഭഗവാന്റെ ഭക്തിവിഹ്വലതയും, ബാലന്മാരെപ്പോലുള്ള പെരുമാററവും ജഗദംബയോടുള്ള നിർബന്ധവും ശാഠ്യവും എല്ലാം കണ്ട് കണ്ണീർപൊഴിച്ചുപോയി. "അദ്ദേഹം ഏതെല്ലാംഭാവത്തിൽ എന്തുതന്നെ പ്രവർത്തിച്ചാലും നിങ്ങൾ അദ്ദേഹത്തെ തടയുകയൊ യാതൊന്നും പറയുകയൊ ചെയ്യരുത്. ആദ്യം എന്നെ അറിയിച്ചശേഷം ഞാൻ പറയുന്നതുപോലെ പ്രവർത്തിച്ചാൽ മതി" എന്നു ക്ഷേത്രത്തിലെ ജോലിക്കാരോട് ആജ്ഞാപിക്കുകയും ചെയ്തു.

രാസമണിയും കൂടെക്കൂടെ കാളീക്ഷേത്രത്തിൽവന്ന് വിഗ്രഹത്തിലെ പൂചാർത്തുംമററും കാണുകയും ഭഗവാന്റെ ഗാനംകേട്ട് മോഹിക്കയുംചെയ്തിരുന്നു. തൽഫലമായി കാളീക്ഷേത്രത്തിൽ വരുമ്പോഴെല്ലാം ഭഗവാനെ വിളിച്ചുവരുത്തി ജഗന്മാതാവിന്റെ നാമഗാനംചെയ്യുന്നതിനായി അനുനയംചെയ്യുമായിരുന്നു. പാട്ടുതുടങ്ങിയാൽ ഭഗവാൻ ആരെയോ കേൾപ്പിക്കുന്നതിനായിട്ടാണ് പാടുന്നത് എന്ന കഥ നിശ്ശേഷം മറന്ന് ജഗദംബ

കേൾക്കേണ്ടതിന്നായിട്ടാണ് താൻ പാടുന്നതെന്നുള്ള ഭാവത്തിൽ തന്നെ തുടൎന്നുകൊണ്ടിരിക്കും. ഇപ്രകാരം നാളുകൾ ഓരോന്നായി കഴിയുന്നു. ലോകമാകുന്ന മഹാസംസാരാവസ്ഥ ഏതുപ്രകാരമോ അപ്രകാരംതന്നെ കാളീക്ഷേത്രത്തിലെ ക്ഷുദ്രസംസാരാവസ്ഥയും; ഓരോരുത്തരും അവരവരുടെ കൃത്യത്തിൽ ബദ്ധപ്പെട്ടുകൊണ്ടിരിക്കുന്നു കാലക്ഷേപത്തിനുള്ള ജോലിയും അദ്ധ്യാപനവും തൻ കാൎയ്യങ്ങൾക്കുള്ള ചിന്തയുമെല്ലാം കഴിഞ്ഞു് കുറച്ചു സമയം ബാക്കിയുണ്ടാവും; അപ്പോൾ ഒരു കാൎയ്യത്തിൽ ഏൎപ്പെട്ടതായിരുന്ന മനസ്സിന്റെ അവസാദം നീക്കി ഉന്മേഷമുണ്ടാക്കേണ്ടതിന്നായി പരനിന്ദ പരചൎച്ച ഇത്യാദി രുചികരങ്ങളായ വിഷയങ്ങളിൽ മേളമായി സമയം ചിലവാകുന്നു. ഈ സ്ഥിതിക്കു ഭഗവാന്റെ ഉള്ളിൽ ഈശ്വരപ്രേമത്തിന്റെ ഫലമായി എന്തു് പരിവൎത്തനമാണുണ്ടായതെന്നു് ആൎക്കാണ് അറിവുള്ളതു്? "അദ്ദേഹം ഒരു ഭ്രാന്തനാണ്. യജമാനനു (മഥുരാനാഥന്) എന്തോ തലയ്ക്കു കേടുണ്ട്. അതാണ് ഇദ്ദേഹം ഇപ്പോഴും പൂജകനായിരിക്കുന്നതു്. അങ്ങിനെയായാലും എത്രനാൾ കഴിക്കും? ഒരു ദിവസം ഒരു വലിയ അബദ്ധം കാണിക്കും അന്നു് അടിച്ചു് ഓടിക്കുകയും ചെയ്യും. വലിയ ആളുകളുടെ കാൎയ്യത്തിൽ നമുക്ക് വല്ല തുമ്പുമുണ്ടോ? സന്തോഷം കാണിക്കേണ്ടിടത്തോളവും ദ്വേഷ്യവുമുണ്ടാവും" എന്നിങ്ങനെ ഭഗവാനെ കുറിച്ചു് ജോലിക്കാർ തമ്മിൽ പിറുപിറുക്കുമായിരുന്നു. ഈ സമയം ഭഗവാന്റെ ഭാഗിനേയനായ ഹൃദയൻ ഭഗവാന്റെ ശുശ്രൂഷയ്ക്കായി ക്ഷേത്രത്തിൽ വന്നുചേൎന്നു.

ഗുരുഭാവത്തിൽ ഭഗവാൻ രാസമണിയെ അടിച്ചതു്. ഇന്നു റാണി രാസമണി കാളീക്ഷേത്രത്തിൽ വന്നിരിക്കുന്നു. ക്ഷേത്രത്തിലെ ജോലിക്കാരെല്ലാം പരിഭ്രമത്തോടുകൂടി അവരവരുടെ ചുമതലയിൽ ബദ്ധപ്പെടുന്നു. ജോലി ഇളയ്ക്കുന്ന കള്ളന്മാരും ഇന്നു സൂക്ഷിച്ചു ജോലിചെയ്യുന്നു. ഗംഗാസ്നാനംകഴിഞ്ഞു് രാസമണി ദേവീദൎശനത്തിന്നായി ക്ഷേത്രത്തിൽ എത്തി. അപ്പോൾ അവിടെ കാളീപൂജ ഭേഷായി നടക്കുന്നു. ജഗന്മാതാവിനെ നമസ്കരിച്ചശേഷം ദേവീവിഗ്രഹത്തിനടുത്തുള്ള ആസനത്തിൽ ആഹ്നികപൂജ നടത്തുന്നതിന്നായി ഇരുന്നു. സമീപത്തായി ഭഗവാൻ നില്ക്കുന്നതുകണ്ടു് ജഗന്മാതാവിന്റെ നാമഗാനം ചെയ്യുന്നതിന് ആവശ്യപ്പെട്ടു. ഭഗവാൻ ഭാവാവസ്ഥയിൽ ബാഹ്യജ്ഞാനംകൈവെടിഞ്ഞു് രാമപ്രസാദൻ കമലാകാന്തൻ തുടങ്ങിയ സാധകന്മാരുടെ പദാവലികൾ ഗാനംചെയ്വാൻ തുടങ്ങി. പൂജാജപാദികൾ നടത്തിക്കൊണ്ടിരുന്ന റാണി ഇതെല്ലാം കേൾക്കാൻ തുടങ്ങി. ഈ സ്ഥിതിയിൽ അല്പനേരം കഴിഞ്ഞു് ഭഗവാൻ പെട്ടെന്നു് പാട്ടുനിൎത്തി ഉഗ്രസ്വരത്തിൽ ദ്വേഷ്യപ്പെട്ടു് "ഇതുമാത്രം വിചാരം; ഇവിടെ വന്നാലും ഇതുതന്നെയോ ചിന്ത? എന്നു പറഞ്ഞുംകൊണ്ടു് റാണി

യുടെ കോമളഗാത്രത്തിൽ കൈകൊണ്ടു് അടിച്ചു. കുഞ്ഞുങ്ങൾ തെററു കാട്ടുന്നതുകണ്ടു് പിതാവു് ദ്വേഷ്യപ്പെട്ടു് ചിലപ്പോൾ അടിക്കാറുണ്ടല്ലോ. അതേഭാവംതന്നെയാണു് ഇപ്പോൾ ഭഗവാനുമുണ്ടായിരുന്നതു്. പക്ഷെ അതു ആരറിയും! ക്ഷേത്രത്തിലെ കിങ്കരന്മാർ എല്ലാംകൂടി ബഹളംകൂട്ടുവാൻ തുടങ്ങി. ദ്വാരപാലൻ വ്യഗ്രതയോടെ ധൃതിപിടിച്ചു ഭഗവാനെ പിടിക്കുന്നതിനായി ഓടി എത്തി. പുറമെ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവരും ഈ കോലാഹലമെന്തിനാണെന്നു നിനച്ചു് കൌതുഹലത്തോടെ ആ സ്ഥലത്തേക്കു പാഞ്ഞെത്തി. പക്ഷെ ഈ കോലാഹലത്തിനെല്ലാം കാരണഭൂതരായവർ രണ്ടുപേരും (ഭഗവാനും രാസമണിയും) ഇപ്പോൾ സ്ഥിരന്മാരും ഗംഭീരന്മാരുമായിരിക്കുന്നു. ജോലിക്കാരുടെ മുറവിളിയും ഓട്ടവും എല്ലാം കണ്ടിട്ടും, ഭഗവാൻ അതിൽ തീരെ ഉദാസീനനായി മുൻപിലത്തെപ്പോലെ സ്വയം ആത്മാവിൽ സ്ഥിരമായി പുഞ്ചിരിതൂകിക്കൊണ്ടിരുന്നതേയുള്ളു. റാണി രാസമണിയും തന്റെ ഉള്ളിലെ അവസ്ഥ പരിശോധിച്ചുനോക്കിയപ്പോൾ ശ്രീ ശ്രീജഗദംബയെ ധ്യാനിക്കാതെ ഇന്നേദിവസം ഏതോ ഒരു പ്രത്യേക കേസിന്റെ ജയാപജയത്തെപ്പററി ധ്യാനിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്നുകണ്ടു് അല്പം ലജ്ജിക്കുകയും അനുതാപംകൊണ്ടു് ഗാംഭീര്യമവലംബിക്കുകയും ചെയ്തു. അതോടുകൂടിത്തന്നെ ഭഗവാൻ ഈ കഥ ഏതുപ്രകാരം മനസ്സിലാക്കിയെന്നു വിചാരിച്ചു് റാണിയുടെ ഉള്ളിൽ കുറെ വിസ്മയവുമുണ്ടായി. കുറെ കഴിഞ്ഞു് ജോലിക്കാരുടെ ബഹളംകണ്ടു് രാസമണിയുടെ ആശ്ചര്യഭാവം മാറി. ഈ സംഭവംനിമിത്തം ഹീനബുദ്ധികളായ വല്ലവരും നിരപരാധിയായ ഭഗവാനെ ഉപദ്രവിച്ചേയ്ക്കാനിടയുണ്ടെന്നു മനസ്സിലാക്കി എല്ലാവരോടും ഗംഭീരസ്വരത്തിൽ ഇപ്രകാരം ആജ്ഞാപിച്ചു:—"ഭട്ടാചാര്യമഹാശയൻ നിർദ്ദോഷിയാണു്. നിങ്ങൾ ആരും തന്നെ അദ്ദേഹത്തോടു യാതൊന്നും സംസാരിക്കേണ്ടയാവശ്യമില്ല". ഇതിനുശേഷം മഥുരാനാഥനും തന്റെ ശ്വശ്രുവിൽനിന്നും ഇതേസംബന്ധിച്ച സകല വൃത്താന്തങ്ങളും ആദ്യവസാനം കേൾക്കുകയും വേലക്കാരുടെമേലുള്ള മുൻ പറഞ്ഞ ആജ്ഞയെ സ്ഥിരപ്പെടുത്തുകയുംചെയ്തു. ഇതുകൊണ്ടു് അവരിൽ ചിലക്കു കുണ്ഠിതമുണ്ടായെങ്കിലും 'വലിയവർ വലിയ സംഗതികൾ പറയുന്നതിൽ നമുക്കെന്തുകാര്യ'മെന്നു് ഉള്ളിലോർത്തു് മിണ്ടാതിരുന്നതേയുള്ളു.

ഈ സംഭവത്തെപ്പററി കേട്ടു് 'ഗുരുഭാവം ഇവിടെ ഏതു ദിക്കിലാണെ'ന്നു വായനക്കാർ വിചാരിച്ചേക്കാം. ആളുകളുടെ ദേഹത്തു അടികൊടുക്കുന്നതു് എന്തുമാതിരി ഗുരുഭാവവികാസമാണു്? ഇവിടെ ഞങ്ങൾക്കു പറയാനുള്ളതു് ഇതാണു്. ലോകത്തിലെ ധർമ്മചരിത്രം നോക്കിയാൽ ലോകഗുരുക്കന്മാരായിരുന്ന ആചാര്യന്മാരുടെ ജീവിതത്തിൽ ഇപ്രകാരമുള്ള സംഭവങ്ങളെപ്പററി വിവരിച്ചിട്ടുണ്ടെന്നു കാണാം. ഗുരുഭാവത്തിൽ

തന്നെത്താൻ മറന്ന് കാജിയെ പീഡിപ്പിക്കുക, അദ്വൈതപ്രഭുവിനെ പ്രഹരിച്ച് ഭക്തിദാനംചെയ്യുക, മുതലായ സംഭവങ്ങൾ ശ്രീ ചൈതന്യദേവന്റെ ജീവിതത്തിൽ കാണാവുന്നതാണ്. മഹാമഹിമശാലിയായ യേശുദേവന്റെ ജീവിതത്തിലും ഇതുമാതിരി സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് ഓർത്തുനോക്കിയാൽ കാണാവുന്നതാണ്.

ശിഷ്യപരിവൃതനായ യേശുദേവൻ ജെറുസലത്തിലുള്ള യഹോവയുടെ മന്ദിരത്തിൽ ദർശനപൂജാദികൾ ചെയ്യുന്നതിനായി വന്നിരിക്കുകയാണ്. കാശി, വൃന്ദാവനം തുടങ്ങിയ തീർത്ഥസ്ഥലങ്ങളിലെ ക്ഷേത്രങ്ങളെ ദർശിച്ചിട്ട് ഹിന്ദുക്കളുടെ മനസ്സിൽ ഏതുപ്രകാരമാണോ അസാധാരണമായ പവിത്രഭാവം ഉദിക്കുന്നത് അതേപ്രകാരംതന്നെ യഹൂദന്മാരുടെ മനസ്സിൽ ജെറുസലത്തിലെ ദേവമന്ദിരദർശനംകൊണ്ടു ഉണ്ടാകുന്നു എന്നുള്ളതിൽ എന്താണ് സംശയം. പിന്നെ ഭാവമുഖത്തിൽ ഇരിക്കുന്ന യേശുദേവന്റെ മനസ്സിന്റെ കാര്യം പറയുവാനുണ്ടോ? ദൂരെനിന്നും ദേവാലയം കണ്ടപ്പോൾതന്നെ യേശുദേവൻ ഭഗവൽപ്രേമത്തിൽ മതിമറന്നു ദേവദർശനാർത്ഥം ഓടാൻ തുടങ്ങി. ദേവാലയത്തിന്റെ പുറത്തും വാതില്ക്കലും മുററത്തും വളരെ ആളുകൾ പലപ്രകാരത്തിലുള്ള പണം ഏർപ്പാടുകളിൽ ബദ്ധപ്പെട്ടു പ്രവർത്തിച്ചുകൊണ്ടിരുന്നു. പ്രതിനിധികളായ പുരോഹിതന്മാരെല്ലാം ദേവദർശനംലഭിച്ചാലും ഇല്ലെങ്കിലും യാത്രക്കാരുടെ അടുക്കൽനിന്നും പണം തട്ടിയെടുക്കുന്നതിനു ഉദ്യമിച്ചിരുന്നു എന്നു മാത്രമല്ല പൂജയ്ക്കുവേണ്ടിയുള്ള പുഷ്പങ്ങളും മററു ദ്രവ്യങ്ങളും വിററു ആൾക്കൊന്നു രണ്ടു പൈസ കൂടുതൽ ലാഭം കിട്ടുന്നതെന്നു വിചാരിച്ചു ആ ചിന്തയിൽ തന്നെ വ്യാപൃതരായിരുന്നതേയുള്ളൂ. ഭഗവാൻ ദേവാലയത്തിൽ അവരുടെ സമീപത്തിൽ തന്നെ വസിക്കുന്നുണ്ടെന്നുള്ള കഥ ഓർക്കാൻ ആൾക്കാണ് ശിരോവ്യഥയുണ്ടായിട്ടുള്ളത്? ഏതായാലും ഭാവമത്തനായ യേശുവിന്റെ കണ്ണിൽ ദേവാലയത്തിൽ പ്രവേശിച്ചസമയം ഇതൊന്നുംതന്നെ പെട്ടില്ല. നേരിട്ട് മന്ദിരമദ്ധ്യത്തിൽ പ്രവേശിച്ച് ദേവദർശനംചെയ്തു ആനന്ദത്തിൽ നിമഗ്നനായി തന്റെ പ്രാണന്റെ പ്രാണനും ആത്മാവിന്റെ ആത്മാവുമായി ഉള്ളിൽ വിളങ്ങുന്ന അദ്ദേഹത്തെ കണ്ടു ബോധശൂന്യനായി. ദേവാലയത്തിലും തന്മദ്ധ്യത്തിലും ഉള്ള സകല വസ്തുക്കളും വ്യക്തികളും തനിക്കാൾ പ്രിയമായി തോന്നി. എന്തെന്നാൽ ഇവിടെ വന്നതിന്റെ ഫലമായി അദ്ദേഹത്തിന് പ്രാണാരാമന്റെ ദർശനം ലഭിച്ചു. കുറെക്കഴിഞ്ഞു ഏപ്പോൾ മനസ്സ് താഴ്ന്നപടിയിലേയ്ക്കു ഇറങ്ങിവന്നുവോ അപ്പോൾ സകലതും വിപരീതമായി കണ്ടു. ഒരുത്തനെങ്കിലും ഈശ്വരസേവയിൽ നിയുക്തനായിരുന്നില്ല. കാമകാഞ്ചനസേവതന്നെ എല്ലാവരുടേയും വ്യാപാരം; നിരാശയും ദുഃഖവുംകൊണ്ടു അദ്ദേഹത്തിന്റെ ഹൃദയം നിറഞ്ഞു.

ഇതെന്താണെന്നു വിചാരിക്കുവാൻ തുടങ്ങി. പുറമെ, സംസാരികളായി ജനങ്ങൾ എന്തെങ്കിലും ചെയ്യട്ടെ. ഈശ്വരൻെറ വിശേഷപ്രകാശമുള്ള ഈ സ്ഥലത്തു് അപ്രകാരം ആചരിക്കുന്നതെന്തുകൊണ്ടാണു്? രണ്ടുനാഴിക സമയം ഇവിടെ വന്നു ഭഗവാൻെറ ചിന്തചെയ്തു് സംസാരജ്വാലയെ ദൂരെ ത്യജിക്കാമല്ലോ. അങ്ങിനെ ചെയ്യാതെ ഇവിടെയും സംസാരാഗ്നി ജ്വലിപ്പിക്കതന്നെയാണല്ലൊ ചെയ്യുന്നതു്. ഇങ്ങിനെ വിചാരിച്ച് അദ്ദേഹത്തിൻെറ ഹൃദയം ക്രോധപൂർണ്ണമായി. അപ്പോൾ ഉഗ്രമായ രൂപം കൈക്കൊണ്ടു് കയ്യിൽ വടിയുമായി അവിടെയുണ്ടായിരുന്ന ദുഷ്ടന്മാരെ എല്ലാവരേയും ബലാൽക്കാരമായി ക്ഷേത്രത്തിനുപുറത്തു് അടിച്ചിറക്കി. അദ്ദേഹത്തൻെറ വാക്കിൽനിന്നും അവൎക്കു ക്ഷണനേരത്തേയ്ക്കു് ബോധം ലഭിച്ചു. തങ്ങൾ പ്രവൎത്തിച്ചതു് ദുഷ്കൎമ്മമാണെന്നു വിചാരിച്ച് എല്ലാവരും പുറത്തിറങ്ങിപോകയും ചെയ്തു. സംസാരബന്ധം ഏറ്റവും ദൃഢമായ ഏതൊരുവന്നു് യാതൊരാളുടെ ഉപദേശവാക്യംകൊണ്ടു് ബോധം ലഭിച്ചില്ലയൊ ആ ആൾതന്നെ അവനെ വടികൊണ്ടടിച്ച് ജ്ഞാനമുണ്ടാക്കി പുറത്തയച്ചു. എന്നാൽ ആരുംതന്നെ പകകൊണ്ടു് അദ്ദേഹത്തെ ഉപദ്രവിക്കുവാൻ തുനിഞ്ഞില്ല.

ഭഗവാൻ ശ്രീകൃഷ്ണൻെറ ജീവിതത്തിലും ഇതുപോലെ ശിക്ഷകിട്ടിയ ആളുകൾക്കു് ജ്ഞാനം ലഭിച്ചിട്ടു് ഈശ്വരബുദ്ധിയിൽ അദ്ദേഹത്തെ സ്തുതിചെയ്തതായും, ഏററവും ബലവാന്മാരായ ആളുകൾ അദ്ദേഹത്തെ ഉപദ്രവിക്കുന്നതിനായി വരുമ്പോൾ മന്ദഹാസവും മൃദുവചനങ്ങളുംകൊണ്ടു് സ്തംഭിതന്മാരും ഹതബുദ്ധികളുമായിത്തീൎന്നിട്ടുള്ളതായും അനേകം സംഭവങ്ങൾ കാണ്മാൻ കഴിയും. പുരാണകഥകളെല്ലാം അങ്ങനെ നില്ക്കട്ടെ.

# ത്രിലോകനാഥൻ.

ത്രിലോകനാഥൻ ഒരു സ്വൎണ്ണകാരൻെറ ഭവനത്തിലായിരുന്നു ജനിച്ചതു്. ബാല്യകാലത്തു് കളിയിലും ഭക്ഷണത്തിലും മാത്രം വ്യാപൃതനായിരുന്നതുകൊണ്ടു് യാതൊരുവിധമായ വിദ്യാഭ്യാസവും അദ്ദേഹത്തിനു് സിദ്ധിച്ചിരുന്നില്ല. ഇന്നത്തെ പരിഷ്കൃതസമുദായം അംഗീകരിച്ചിട്ടുള്ള വിദ്യാഭ്യാസം അദ്ദേഹത്തിനു തീരെ ഉണ്ടായിരുന്നില്ലെങ്കിലും, ഏതൊരു വിദ്യാഭ്യാസം മനുഷ്യന്നു് ജന്മസാഫല്യം നല്കുമോ, ഏതൊരു ശിക്ഷണം മനുഷ്യന്നു് ഈ ലോകത്തിൽവച്ചുതന്നെ ദിവ്യാനുഭൂതികൾ പ്രദാനംചെയ്യുമോ, ആ വിദ്യ സമ്പാദിക്കുന്നതിനു വേണ്ടുവോളം സമയം ത്രിലോകനാഥന്നു് ലഭിച്ചിരുന്നു. അദ്ദേഹം ബാല്യകാലംമുതൽ ഏതെങ്കിലുമൊരു സാധുവിനേയൊ സന്ന്യാ

സിദ്ധന്മാരെ കണ്ടാൽ അവരുടെ സമീപം പോയിരിക്കും. അതുമൂലം അവരെ ഏതെങ്കിലുംതരത്തിൽ സേവചെയ്യാൻ സൌകൎയ്യം ലഭിച്ചിട്ട് തന്നെത്താൻ കൃതാൎത്ഥനെന്നു വിചാരിച്ചുവന്നു. കാൎയ്യവശാൽ ഏതെങ്കിലും ദിവസം സാധുസേവചെയ്യാൻ തരമാകാതിരുന്നാൽ അന്ന് വളരെ അസുഖമായിരിക്കും. ക്രമേണ അദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ കാലധൎമ്മം പ്രാപിച്ചു. അതോടുകൂടി അദ്ദേഹത്തിൻെറ ബാല്യദശയും കഴിഞ്ഞുകൂടി. കുടുംബഭാരമെല്ലാം സ്വന്തം ചുമലിലായി, ബാല്യലീലയുടെ സകല വ്യാപാരങ്ങളും അവസാനിച്ചെങ്കിലും സാധുസേവയ്ക്ക് നിവൃത്തി ഉണ്ടായില്ല. അദ്ദേഹം തൊഴിൽചെയ്തു കിട്ടുന്ന ധനത്തിൽ അധികഭാഗവും; സകുടുംബം അനവധി ക്ലേശം സഹിച്ചും സാധുസേവയ്ക്കായി ചിലവാക്കി. തൻെറ പ്രാണനേക്കാൾ സാധുക്കളെ ബഹുമാനിച്ചും അവരെ സാക്ഷാൽ ഭഗവാനേപ്പോലെ ആദരിച്ചും വന്നിരുന്നു. ഏതെങ്കിലുമൊരു സാധു ഗൃഹത്തിൽ വന്നാൽ അദ്ദേഹം തൻെറ സകല ജോലികളും വിട്ട് അവരെ ശുശ്രൂഷിക്കാൻ തയാറാകും. സാധുസേവ അദ്ദേഹത്തിൻെറ ജീവിതത്തിലെ വ്രതമായിരുന്നു.

ത്രിലോകനാഥൻ താമസിച്ചിരുന്ന രാജ്യത്തിലെ രാജാവിൻെറ പുത്രിയുടെ വിവാഹകാലം സമീപിച്ചു. രാജാവാകട്ടെ ത്രിലോകനാഥൻെറ സാധുത്വം മുമ്പുതന്നെ അറിഞ്ഞിരുന്നു. തന്മൂലം രാജകുമാരിയുടെ കല്യാണത്തിനാവശ്യമുള്ള ആഭരണങ്ങൾ ഉണ്ടാക്കുന്നവകയ്ക്ക് ആവശ്യമെന്നുതോന്നിയ ധനം ത്രിലോകനാഥനെ വിശ്വസിച്ച് ഏല്പിച്ചു. പണം വാങ്ങിച്ച ശേഷം അദ്ദേഹം രാജാവിൻെറ ആജ്ഞ പാലിച്ചതിപ്രകാരമാണ്. നിത്യവും സാധുസേവയ്ക്കായിട്ട് ആ ധനം ക്രമേണ മിക്കവാറും ചിലവുചെയ്തു. വിവാഹദിവസം സമീപിച്ചു ആഭരണങ്ങൾ ഉടൻ ഏല്പിക്കണമെന്ന് രാജദൂതന്മാർ കൂടക്കൂടെ വന്നു പറയാറുണ്ടായിരുന്നു. ത്രിലോകൻ സാധാരണ പൊൻപണിക്കാരുടെ രീതിയനുസരിച്ച് ഇന്നു തരാം, നാളെത്തരാം എന്നിങ്ങനെ അവധിപറഞ്ഞുതുടങ്ങി. ഒരു ദിവസം രാജാവിൻെറ ഒരു ദൂതൻ കല്പനപ്രകാരം ത്രിലോകനെ രാജസമീപം പിടിച്ചുകൊണ്ടുവന്നു. അടുത്ത ദിവസം ആഭരണങ്ങൾ കൊട്ടാരത്തിൽ എത്തിച്ചുകൊള്ളാം എന്ന് സമ്മതിപ്പിച്ചയച്ചു. വീട്ടിലെത്തിയശേഷം ത്രിലോകനാഥൻെറ ചിന്ത സീമാതീതമായി. ഗൃഹത്തിൽ പണമോ സ്വൎണ്ണമോ ആഭരണങ്ങളോ ഇല്ല. തന്മൂലം ത്രിലോകൻെറ വിചാരം പൂൎവ്വാധികം വൎദ്ധിച്ചു. ഈ പരുങ്ങലിനിടയ്ക്കും ഗൃഹത്തിൽ വന്നുചേരുന്ന സാധുക്കളെ പരിചരിക്കുന്ന കാൎയ്യത്തിൽ യാതൊരു വിസ്മൃതിയും ഉണ്ടായിരുന്നില്ല. രാത്രിയിൽ പലതും ആലോചിച്ചുവെങ്കിലും ഒരു മാൎഗ്ഗവും കാണായ്കയാൽ സാധുഗതപ്രാണനായ ത്രിലോകനാഥൻ പ്രഭാതത്തിൽ ഒരു കാട്ടിനകത്തുകടന്ന് മൌനമായിരുന്നു. ആരും അദ്ദേഹത്തെ കണ്ടില്ല. എന്നാൽ സൎവ്വവ്യാപിയും അനാഥന്മാൎക്ക് നാഥ

നമായ ത്രൈലോക്യനാഥൻെറ കൃപാദൃഷ്ടി ത്രിലോകനാഥനിൽ പതിയുന്നതിന് വിളംബമുണ്ടായില്ല. യാതൊരു സാധുസേവയുടെ പ്രഭാവത്താൽ യമഭയംപോലും ദൂരീഭവിക്കുന്നു, ആ സാധുസേവയിൽ നിരതനും നിർമ്മലചിത്തനുമായ ത്രിലോകൻ ഇന്ന് രാജഭയത്താൽ പേടിച്ച് ഒളിച്ചിരിക്കുന്നു! യാതൊരു സാധുസേവയുടെ ഗുണത്താൽ, പ്രബലന്മാരായ വിഷയശത്രുക്കളെപ്പോലും ജയിക്കുന്നു, ഇന്നാവട്ടെ സാധുസേവാതല്പരനായ ഭക്തൻ നിസ്സഹായൻ—ദുർബലനേപ്പോലെ പലായിതനായിരിക്കുന്നു, ഇത് ഭക്തന്മാരുടെ വാഞ്ഛാകല്പതരുവിനു കാണാൻ കഴിയുമോ? അദ്ദേഹം സ്വയമേവ അരൂപനാണെങ്കിലും ഭക്തന്മാരുടെ വാക്കിനെ പാലിപ്പാൻ യുഗംതോറും മായാരൂപം ധരിച്ചിരിക്കുന്നു. ഇന്നും ആ ത്രൈലോക്യനാഥൻ ഭക്തനായ ത്രിലോകൻെറ വേഷമെടുത്ത് ഭക്തൻെറ വാക്കിനെ യഥാർത്ഥമാക്കുന്നതിനുവേണ്ടി ഭംഗിയായി പണിചെയ്തിട്ടുള്ള ആഭരണങ്ങളെ ഭാണ്ഡമാക്കി ചുമലിൽ ഇട്ടുകൊണ്ട് രാജാവിൻെറ സന്നിധിയിൽചെന്നു. രാജാവാകട്ടെ ആഭരണങ്ങളുടെ നിർമ്മാണനൈപുണ്യത്താൽ മതിമറന്ന് ഒട്ടുവളരെ ധനം പാരിതോഷികമായി നൽകി. ഇന്ന് ത്രിലോകനാഥൻ ആ അർത്ഥസഞ്ചയം ഗ്രഹിച്ചുകൊണ്ട് ത്രിലോകൻെറ ഭവനത്തിൽ വന്ന് മഹോത്സവമാഘോഷിച്ച് വളരെ സാധുക്കൾക്ക് ഭോജനം നൽകി. അല്പം പ്രസാദമെടുത്തുകൊണ്ട് വ്യാജവേഷത്തിൽ കാട്ടിലിരിക്കുന്ന ത്രിലോകൻെറ സമീപത്തുചെന്ന് ഇപ്രകാരം പറഞ്ഞു. ഇന്ന് ത്രിലോകനാഥഗൃഹത്തിൽ വലിയ ഉത്സവമായിരുന്നു, ഇതാ പ്രസാദം സ്വീകരിക്കുക! ഏത് ത്രിലോകനാഥൻെറ ഭവനത്തിൽ എന്ന് ത്രിലോകൻ ചോദിച്ചപ്പോൾ ആ ത്രൈലോക്യനാഥൻ, ഇപ്രകാരം പറഞ്ഞു, ത്രിലോകനുതുല്യം ത്രൈലോക്യത്തിൽ ആരുംതന്നെ ഇല്ല്' ആ ഭക്തശിരോമണി ഭഗവാൻെറ ഈ അത്ഭുതലീല മനസ്സിലാക്കിയിട്ട് ഭക്തിപരവശനായിട്ട് ആ പരമകാരുണികൻെറ ചരണപത്മങ്ങളിൽ മൂർച്ഛിതനായി വീണു. സർവ്വാന്തര്യാമിയായ ദേവൻ അദ്ദേഹത്തിൻെറ ഉള്ളിൽ ലയിച്ചു. ത്രിലോകൻ അന്നുമുതൽ സാധുസേവയുടെ ആശ്ചര്യമായ ഫലമറിഞ്ഞിട്ട് സാധുസേവയിൽ പൂർവ്വാധികം തല്പരനായി സ്വജീവിതത്തിൻെറ ശേഷിച്ച കാലമത്രയും ഭഗവൽപ്രേമത്തിൽ ആമഗ്നനായി നയിച്ചു.

# സംഘവാർത്ത.

—:o:—

ശ്രീരാമകൃഷ്ണമിഷൻെറ ജംഷഡ്പൂർ ശാഖയായ വിവേകാനന്ദസൊസൈററിയുടെ ൧൯൩൫-ലെ റിപ്പോർട്ട് കൈപ്പററിയിരിക്കുന്നു. നിസ്സഹായന്മാരും ദരിദ്രന്മാരുമായ കുട്ടികളെ സംരക്ഷിക്കുക, അവരെ വിദ്യ അഭ്യ

സിപ്പിക്കുക, ഫീസുകൂടാതെയുള്ള വായനശാലകൾ തുറക്കുക, അധഃകൃതവർഗ്ഗക്കാരെന്നു പറയുന്നവരുടെ സാമ്പത്തികമായ ഉത്ഥാനത്തിനുവേണ്ടി പ്രയത്നിക്കുക, എന്നീ ഉദ്ദേശങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുവരുന്ന പ്രസ്തുത സ്ഥാപനത്തിൻെറ ൧൧൦൨-ലെ പ്രവൃത്തികൾ കണക്കുകളോടുകൂടി വിശദപ്പെടുത്തുകയും ധർമ്മതല്പരന്മാരുടെ സഹകരണത്തെ അഭ്യർത്ഥിക്കുകയുമാണ് ഇതിൽ ചെയ്തിരിക്കുന്നത്.


## ബ്രഹ്മാനന്ദീയം ഒന്നാം ഭാഗം.

(പരിഷ്കരിച്ച രണ്ടാം പതിപ്പ്)

ശ്രീരാമകൃഷ്ണപരമഹംസദേവൻെറ മാനസപുത്രനായ പരമഹംസപരിവ്രാജകാചാര്യ ശ്രീമദ് ബ്രഹ്മാനന്ദപൂജ്യപാദസ്വാമികളുടെ ജീവചരിത്രവും ഉപദേശങ്ങളും അടങ്ങിയ വിശിഷ്ടഗ്രന്ഥം. സ്വാമികളുടെ പടത്തോടുകൂടിയത്. മുന്നൂറിൽപരം പേജുകളുള്ളത്.

ഒന്നാംപതിപ്പ് ആയിരംപ്രതി മൂന്നുമാസംകൊണ്ട് ചിലവായി.

ഒന്നാംതരത്തിനു വില ൧ ക. ൪ ണ.

രണ്ടാംതരത്തിനു വില ൧൨ ണ.

അപേക്ഷിക്കേണ്ടും മേൽവിലാസം:— ആഗമാനന്ദസ്വാമികൾ C/o.
മാനേജർ, കെ. പി. വർക്സ്,
ഒററപ്പാലം പോസ്റ്റ്, തെക്കേമലബാർ.

## മഹിള.

---

സ്ത്രീജനങ്ങളുടെ ഉപയോഗത്തിനായി
തിരുവിതാംകൂർ

**ജൂനിയർ മഹാറാണി തിരുമനസ്സിലെ**
**രക്ഷാധികാരത്തിൽ**

പ്രസിദ്ധംചെയ്യുന്ന

**ഏക ഉത്തമ സ്ത്രീമാസിക.**

വരിസംഖ്യ ൩ രൂപാ. ബ്രി: ഇൻഡ്യ ൩ രൂപാ. ൮ അണ.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ബി. ഭാഗീരഥി അമ്മ,
പ്രസാധിക, ചെങ്ങന്നൂർ

# പ്രബുദ്ധകേരളം നിബന്ധനകൾ.

1. അതാതുമാസം ൨൦-ാം തീയതിക്കകം മാസിക കിട്ടാത്ത വരിക്കാർ അടുത്ത മാസം ൫-ാം തീയതിക്കകം വിവരം അറിയിക്കേണ്ടതാണ്. അപ്രകാരം ചെയ്യാത്തവരുടെ പരാതികൾ ഗൌനിക്കുന്നതല്ല.

2. മേൽവിലാസം മാറിയാലുടനെ വിവരം അറിയിക്കേണ്ടതാണ്.

3. രജി. നമ്പർ കൂടാതെ അയക്കുന്ന എഴുത്തുകൾ ഗൌനിക്കുന്നതിനു താമസം നേരിടുന്നതാണ്.

4. മൂന്നു വരിക്കാരെ ചേർത്ത് അവരുടെ ഒരു കൊല്ലത്തെ വരിസംഖ്യ അയപ്പിക്കുന്നവർക്ക് മഹർഷി നാഗമഹാശയൻ ഒരു പ്രതി വിലകൂടാതെ അയച്ചുകൊടുക്കുന്നതാണ്.

5. ആറു വരിക്കാരെ ചേർത്ത് അവരുടെ ഒരു കൊല്ലത്തെ വരിസംഖ്യ അയപ്പിക്കുന്നവർക്ക് അവർ ആറുപേരും വരിക്കാരായിരിക്കുന്നിടത്തോളം കാലം "പ്രബുദ്ധകേരളം" സൌജന്യമായി അയച്ചുകൊടുക്കുന്നതാണ്.


## Prabuddha Bharata.

A High class monthly on practical Vedanta, setting forth the lofty teachings of SRI RAMAKRISHNA and Swami Viveka nanda from a nonsectarian standpoint.

Conducted by the Advaita Asrama, Mayavati, Himalayas- and printed in an improved get-up, from Calcutta.

35th year commenced from January, 1930.

Annual Subscription : Rs. 4. Inland, Foreign 11S.

Please apply to—

The Manager, "PRABUDDHA BHARATA"
182. A. MuktaRam Babu Street, Calcutta.